പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ഒന്നാമത് റിപ്പോർട്ട്

(2016 ഒക്ടോബർ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക-3.5 (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതികളുടെ നിർവ്വഹണം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

**ഒന്നാമത് റിപ്പോർട്ട്**

(2016 ഒക്ടോബർ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതികളുടെ നിർവ്വഹണം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

1126/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | .. v |
| മുഖവുര | | .. vii |
| റിപ്പോർട്ട് | | .. 1 |
| അനുബന്ധം I | : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. 23 |
| അനുബന്ധം II | : ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി | .. 28 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതികളുടെ നിർവ്വഹണം)യുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഒക്ടോബർ മാസം 18-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2016 ഒക്ടോബർ 20.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## സി ആന്റ് എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഖണ്ഡിക 3.5 (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതികളുടെ നിർവ്വഹണം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്

### 3.5.1 ആമുഖം

കേന്ദ്രസർക്കാർ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി (ആർ.ഐ.ഡി.എഫ്.) രൂപീകരിക്കുവാനുള്ള ഒരു പദ്ധതി 1995-96-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ നിധി നബാർഡാണ് കൈകാര്യം ചെയ്യുന്നത്. ഇന്ത്യയിലെ വാണിജ്യബാങ്കുകൾ അവയുടെ കാർഷിക വായ്പയിലെ കുറവിനു തുല്യമായ തുക മിച്ചവായ്പയുടെ 15 ശതമാനം എന്ന ഉയർന്ന പരിധിക്കുവിധേയമായി, സംഭാവന നൽകുന്നതിലൂടെ സംഭരിച്ചതാണ് ഈ ഫണ്ടിന്റെ മൂലധനം. റോഡുകൾ, വിപണന മാർക്കറ്റുകൾ തുടങ്ങിയ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഫണ്ടിൽനിന്നും സംസ്ഥാന സർക്കാരിന് വായ്പ നൽകുന്നു. സംസ്ഥാന സർക്കാരിന്റെ ധനകാര്യവകുപ്പിനാണ് ഫണ്ടിന്റെ പദ്ധതികളുടെ ഏകീകരണത്തിന്റെ ചുമതല. വായ്പയും പലിശയും കൃത്യമായി തിരിച്ചടക്കുന്നതിനാവശ്യമായ വിഹിതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തണം. ഫണ്ടിനുകീഴിലനുവദിക്കുന്ന പദ്ധതികൾ പഞ്ചായത്തുകളും ബന്ധപ്പെട്ട വകുപ്പുകളും വഴിയാണ് നടപ്പാക്കേണ്ടത്. 2001-02 വരെ പദ്ധതിചെലവിന്റെ 10 ശതമാനവും അതിനു ശേഷം 20 ശതമാനവും പഞ്ചായത്തുകൾ വഹിക്കണം.

ബ്ലോക്ക് പഞ്ചായത്തുകൾ ഇപ്രകാരം ഗ്രാമീണ റോഡുകളുടെ നിർമ്മാണം മാത്രമാണ് ഏറ്റെടുത്തത്. കാർഷികവിളകളുടെ ചരക്കുനീക്കവും വിപണനവും ത്വരിതപ്പെടുത്തുന്നതിനായി വിപണനച്ചന്തകളിലേക്കുള്ള റോഡുകൾക്കാണ് അവ പ്രാമുഖ്യം നൽകിയത്. എല്ലാ ജോലികളും ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടിയിരുന്നതിനാൽ, ഗ്രാമസഭകളാണ് പ്രവൃത്തികൾ തെരഞ്ഞെടുത്തിരുന്നത്. സംസ്ഥാനത്തെ 152 ബ്ലോക്കുപഞ്ചായത്തുകളിൽ 15 * എണ്ണം അഞ്ചു ജില്ലകളിലായി * ഓഡിറ്റിന് തെരഞ്ഞെടുത്തു. പരിശോധനാ ഫലങ്ങൾ താഴെക്കൊടുക്കുന്നു.

* അഞ്ചൽ, ചടയമംഗലം, ചെങ്ങന്നൂർ, കട്ടപ്പുറത്തി, കിളിമാന്നൂർ, കോന്നി, കൊട്ടാരക്കര, കുളനട, പറക്കോട്
പത്തനാപുരം, പന്തളം, റാന്നി, ഉഴവൂർ, വാമനപുരം, വെട്ടിക്കവല

* ആലപ്പുഴ, കൊല്ലം, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം.

1126/2016.

**ഓഡിറ്റ് കണ്ടെത്തലുകൾ**

**3.5.2 ധനാഗമം**

**3.5.2.1 നബാർഡ് അനുവദിച്ച തുക**

ചെലവാക്കിയ തുക പിന്നീട് തിരിച്ചു നൽകുന്ന രീതിയിലാണ് നബാർഡ് തുക അനുവദിക്കുക. ചെയ്തുതീർത്ത പ്രവൃത്തികളുടെ തുക ആദ്യം ബ്ലോക്ക് പഞ്ചായത്തുകൾ നൽകിയിട്ട് അതിന്റെ ബില്ലുകൾ ഗ്രാമവികസന കമ്മീഷണർ ധനകാര്യവകുപ്പ് മുഖാന്തിരം നബാർഡിലേക്ക് അയക്കണം. നബാർഡ് ധനകാര്യവകുപ്പിന് തുക അനുവദിക്കും. അവിടെ നിന്ന് ഗ്രാമവികസന കമ്മീഷണർ വഴി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറും.

2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ നബാർഡിൽ നിന്നും 694.47 കോടി രൂപ സംസ്ഥാന സർക്കാരിന് ഫണ്ടിൽ നിന്നുള്ള വായ്പയായി ലഭിച്ചു.

ഇതിൽ 472.65 കോടി രൂപ ഇക്കാലയളവിൽ തിരിച്ചടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു:

(രൂപ കോടിയിൽ)

| ക്രമ നമ്പർ | വർഷം | വർഷാരംഭത്തെ മിച്ചം | തന്നാണ്ട് കിട്ടിയ വായ്പ തുക | ആകെ | തിരിച്ചടച്ചത് | വർഷാന്ത്യം ബാക്കി |
|---|---|---|---|---|---|---|
| 1 | 2002-03 | 317.20 | 114.37 | 431.57 | 44.50 | 387.07 |
| 2 | 2003-04 | 387.07 | 117.54 | 504.61 | 51.89 | 452.72 |
| 3 | 2004-05 | 452.72 | 100.84 | 553.56 | 49.64 | 503.92 |
| 4 | 2005-06 | 503.92 | 125.71 | 629.63 | 304.43 | 325.20 |
| 5 | 2006-07 | 325.20 | 236.01 | 561.21 | 22.19 | 539.02 |
| | ആകെ | | 694.47 | | 472.65 | |

അടച്ചുതീർക്കാനുള്ള വായ്പത്തുക 2002-03 ആരംഭത്തിൽ 317.20 കോടി രൂപ ആയിരുന്നത് 2006-07 അവസാനം 539.02 കോടി രൂപയായി. പദ്ധതി നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും കൈമാറാനുള്ളതാണ് ഈ തുക.

### 3.5.2.2 ഭൗതിക ലക്ഷ്യപ്രാപ്തി

1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ 617 ഗ്രാമീണറോഡുകളുടെ നിർമ്മാണം ഏറ്റെടുത്തതിൽ 369 എണ്ണം മാത്രമാണ് പൂർത്തിയാക്കിയത് (59.81 ശതമാനം).

| ക്രമ നമ്പർ | ട്രാൻഷെ നമ്പരും വർഷവും | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | തുടങ്ങാത്തതോ റദ്ദാക്കിയതോ ആയ പ്രോജക്ടുകളുടെ എണ്ണം | തുടങ്ങിവച്ചിട്ട് പൂർത്തിയാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തിയായ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | III-1997-98 | 140 | 11 | 5 | 124 |
| 2 | IV-1998-99 | 37 | ഇല്ല | 4 | 33 |
| 3 | V-1999-00 | 61 | 8 | 6 | 47 |
| 4 | VI-2000-01 | 72 | 5 | 10 | 57 |
| 5 | VII-2001-02 | 36 | 2 | 11 | 23 |
| 6 | VIII-2002-03 | 92 | 4 | 33 | 55 |
| 7 | IX-2003-04 | 57 | 4 | 30 | 23 |
| 8 | X-2004-05 | 49 | 12 | 30 | 7 |
| 9 | XI-2005-06 | 73 | 22 | 51 | ഇല്ല |
| | ആകെ | 617 | 68 | 180 | 369 |

ബാക്കിയുള്ള 248 ജോലികളിൽ 68 എണ്ണം റദ്ദാക്കുകയോ തുടങ്ങാതിരിക്കുകയോ ചെയ്തപ്പോൾ 180 എണ്ണം പൂർത്തീകരിച്ചിട്ടില്ല.

### 3.5.2.3 സംസ്ഥാന സർക്കാർ കൈമാറിയ തുകയിലെ കുറവ്

ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുവാനായി നബാർഡ് അനുവദിച്ച 138.86 കോടി രൂപയിൽ 100.59 കോടി രൂപ മാത്രമേ സർക്കാർ കൈമാറിയുള്ളൂ.

നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വായ്പത്തുക അതിന്റെ ഉദ്ദേശ്യലക്ഷ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. നബാർഡിൽ നിന്നും ലഭിക്കുന്ന തുക ബന്ധപ്പെട്ട വകുപ്പിന് കൈമാറി എന്ന് സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പ് ഉറപ്പുവരുത്തണം. നബാർഡ് അംഗീകരിച്ച 617 പദ്ധതികളുടെ നടത്തിപ്പിന് 2005-06 വരെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 227.46 കോടി രൂപ നബാർഡ് അനുവദിച്ചു. ഇതിൽ 138.66 കോടി രൂപ ബ്ലോക്ക്പഞ്ചായത്തുകൾക്ക് നൽകാനായി സംസ്ഥാന സർക്കാരിന് നബാർഡ് കൈമാറി. പക്ഷേ, 100.59 കോടി രൂപ മാത്രമേ സർക്കാർ വിതരണം ചെയ്തുള്ളൂ. അങ്ങനെ 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ 38.07 കോടി രൂപ സംസ്ഥാന സർക്കാർ അനധികൃതമായി കൈവശം വച്ചു.

(വിശദാംശങ്ങൾ ചുവടെ):

(രൂപ കോടിയിൽ)

| ക്രമ നമ്പർ | ട്രാൻഷേ നമ്പരും വർഷവും | അടങ്കൽ തുക (നബാർഡ് അംഗീകരിച്ചത്) | നബാർഡ് അനുവദിച്ച വായ്പ തുക | സർക്കാരിന് കൈമാറിയ തുക | നബാർഡ് ബാക്കി നൽകാനുള്ള തുക | സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയ തുക | സർക്കാർ കൈവശം വച്ച ബാക്കി തുക |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | III-1997-98 | 35.49 | 31.27 | 27.32 | 3.95 | 27.33 | (-) 0.01 |
| 2 | IV-1998-99 | 10.32 | 8.53 | 7.18 | 1.35 | 6.99 | 0.19 |
| 3 | V-1999-00 | 22.90 | 19.93 | 16.77 | 3.16 | 13.86 | 2.91 |
| 4 | VI-2000-01 | 45.58 | 31.38 | 27.44 | 3.94 | 20.96 | 6.48 |
| 5 | VII-2001-02 | 23.30 | 20.16 | 15.84 | 4.32 | 9.48 | 6.36 |
| 6 | VIII-2002-03 | 44.90 | 40.04 | 28.74 | 11.30 | 16.09 | 12.65 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 7 | IX-2003-04 | 24.98 | 19.85 | 9.43 | 10.42 | 4.48 | 4.95 |
| 8 | X-2004-05 | 28.34 | 18.76 | 3.78 | 14.98 | 1.40 | 2.38 |
| 9 | XI-2005-06 | 44.00 | 37.54 | 2.16 | 35.38 | 0 | 2.16 |
| | ആകെ | 279.81 | 227.46 | 138.66 | 88.80 | 100.59 | 38.07 |

ഇതിൽ 3.09 കോടി രൂപ 2003 മുതൽ 2005 വരെയുള്ള കാലയളവിൽ അവസാനിച്ച III മുതൽ V വരെയുള്ള ട്രാൻഷേകളുടെ തുകയും ഉൾപ്പെടുന്നു. നബാർഡ് കൈമാറിയ തുക സംസ്ഥാന സർക്കാർ ഇപ്രകാരം അനധികൃതമായി കൈവശംവച്ചതുവഴി ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ച 38.07 കോടി രൂപ അവർക്ക് തിരികെ നൽകിയില്ല എന്നുമാത്രമല്ല മറ്റാവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ ഉപയോഗിക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഈ നടപടിയുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ പ്രതിപാദിക്കുന്നു.

### 3.5.2.4 ഫണ്ടുകൾ കാലഹരണപ്പെട്ടത്

വർഷാന്ത്യത്തിൽ സർക്കാർ അനുവദിച്ച 1.25 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈപ്പറ്റാനായില്ല.

1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ 37.80 കോടി രൂപ അടങ്കലുള്ള 110 പദ്ധതികളാണ് പരിശോധിച്ച 15 ബ്ലോക്ക് പഞ്ചായത്തുകൾ ചെയ്തത്. ഇവയ്ക്കായി ബ്ലോക്ക് പഞ്ചായത്തുകൾ 20.86 കോടി രൂപ ചെലവാക്കിയെങ്കിലും, നബാർഡ് 18.20 കോടി രൂപയാണ് സർക്കാരിന് കൈമാറിയത്. എന്നാൽ സർക്കാരാകട്ടെ 14.62 കോടി രൂപ മാത്രമേ ഗ്രാമവികസന കമ്മീഷണർ വഴി വിതരണം ചെയ്തുള്ളൂ. ഇപ്രകാരം 3.58 കോടി രൂപ കുറവായി നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധം X-ൽ നൽകിയിട്ടുണ്ട്. ഈ 14.62 കോടി രൂപയിൽ തന്നെ 1.35 കോടി രൂപ സാമ്പത്തിക വർഷത്തിന്റെ ഏറ്റവും അവസാനത്തിലാണ് അനുവദിച്ചത്. തന്മൂലം ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക പിൻവലിക്കാൻ കഴിയാതെ കാലഹരണപ്പെട്ടു. കൂടാതെ 2008 ഫെബ്രുവരിയിലെ കണക്കനുസരിച്ച് 2.66 കോടി രൂപ (20.86-18.20) നബാർഡിൽ നിന്നും ഇനിയും ലഭിക്കാനും ഉണ്ട്.

### 3.5.2.5 അവസാനിപ്പിച്ച പദ്ധതികളിലെ സഹായത്തുക വിതരണം ചെയ്തതിലെ കുറവ്

പരിശോധിച്ച 15-ൽ 9 ബ്ലോക്ക് പഞ്ചായത്തുകൾ അവസാനിപ്പിച്ച III മുതൽ V വരെ ട്രാൻഷെകളിലെ 13 പദ്ധതികൾക്കായി ചെലവാക്കിയ 3.83 കോടി രൂപയിൽ 3.35 കോടി രൂപ കൈമാറാനുണ്ടായിരുന്നു. ഇതിൽ 2.51 കോടി രൂപ നബാർഡ് സർക്കാരിനു കൈമാറിയതിൽ 2.31 കോടി രൂപ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയുള്ളൂ. കുറവായ 0.20 കോടി രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ട്രാൻഷെ നമ്പർ | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം | നബാർഡ് അംഗീകരിച്ച ചെലവ് | മൊത്തം ചെലവ് (പദ്ധതി ഫണ്ടിൽ നിന്നും ചെലവാക്കിയത്) | ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവയുടെ വിഹിതം കഴിച്ച് തിരികെ ലഭിക്കേണ്ട തുക | നബാർഡ് സർക്കാരിന് നൽകിയ തുക | സർക്കാർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുക | നബാർഡിൽ നിന്നും ബാക്കി ലഭിക്കാനുള്ള തുക | സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബാക്കി നൽകാനുള്ള തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | വെട്ടിക്കവല | III | 2 | 43.89 | 44.10 | 39.50 | 24.99 | 23.25 | 14.51 | 1.74 |
| 2 | പറക്കോട് | III<br>V | 1<br>3 | 30.45<br>56.60 | 32.65<br>42.77 | 27.40<br>38.49 | 26.88<br>34.46 | 26.87<br>33.51 | 0.52<br>4.03 | 0.01<br>0.95 |
| 3 | പന്തളം | V | 1 | 50.00 | 49.49 | 44.54 | 42.97 | 42.98 | 1.57 | (-)0.01 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 4 | റാന്നി | III | 1 | 51.78 | 46.84 | 42.16 | 22.73 | 22.73 | 19.43 | 0 |
| 5 | ചെങ്ങന്നൂർ | IV | 1 | 38.48 | 29.84 | 26.86 | 27.07 | 9.85 | (-)0.21 | 17.22 |
| 6 | കട്ടപ്പുറത്തി | IV | 1 | 46.34 | 45.77 | 41.19 | 38.69 | 38.69 | 2.50 | 0 |
| 7 | വാമനപുരം | III | 1 | 46.80 | 55.31 | 42.12 | 8.36 | 8.36 | 33.76 | 0 |
| 8 | കുളനട | III | 1 | 21.00 | 17.90 | 16.11 | 11.74 | 11.97 | 4.37 | (-)0.23 |
| 9 | അഞ്ചൽ | III | 1 | 18.50 | 18.50 | 16.65 | 13.45 | 13.27 | 3.20 | 0.18 |
|  | ആകെ |  | 13 | 403.84 | 383.17 | 335.02 | 251.34 | 231.48 | 83.68 | 19.86 |

### 3.5.2.6 ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന നിധിയിലെ പ്രവൃത്തികൾക്കായി പദ്ധതി വിഹിതം വകമാറ്റി ചെലവഴിച്ചത്

അടിസ്ഥാനസൗകര്യ വികസന നിധിയിലെ ജോലികളുടെ നടത്തിപ്പിന് പദ്ധതി വിഹിതം ആദ്യം വകമാറ്റിയത് ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികളെ ബാധിച്ചു.

അടിസ്ഥാനസൗകര്യ വികസന നിധിയിലെ പ്രവൃത്തികൾക്കായി ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം മാത്രമേ പദ്ധതി/വികസന ഫണ്ടിൽനിന്നും ആദ്യം ഉപയോഗിക്കാവൂ. എന്നാൽ പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകൾ, 1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ ഏറ്റെടുത്ത 110 പ്രവൃത്തികൾക്കായി 20.86 കോടി രൂപ ചെലവാക്കി. ഗ്രാമവികസന കമ്മീഷണറിൽ നിന്നും ലഭിച്ച മുൻകൂർ തുക 1.77 കോടി രൂപ മാത്രമായിരുന്നു. അങ്ങനെ തങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 19.09 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മേൽപ്പറഞ്ഞ ജോലികൾക്ക് കരാറുകാർക്ക് നൽകുവാൻ വകമാറ്റി ചെലവഴിക്കേണ്ടി വന്നു. ഇതിൽ 12.85 കോടി രൂപ പിന്നീട് തിരികെ കിട്ടി. ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ജോലികളുടെ നടത്തിപ്പിനെ ഈ വകമാറ്റൽ പ്രതികൂലമായി ബാധിച്ചു.

### 3.5.3 പദ്ധതികളുടെ നിർവ്വഹണം

#### 3.5.3.1 പൂർത്തിയാക്കാത്ത പ്രവൃത്തികൾ

617 പ്രവൃത്തികളിൽ 248 എണ്ണം പൂർത്തീകരിച്ചില്ല.

പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഏറ്റെടുത്ത 110 പ്രവൃത്തികളിൽ 68 എണ്ണം മാത്രമേ (62.39 ശതമാനം) പൂർത്തിയാക്കിയുള്ളൂ. പൂർത്തിയാക്കാത്ത 41 പ്രവൃത്തികൾക്കായി 3.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (അനുബന്ധം XI കാണുക) 3.5.3.2, 3.5.3.3 എന്നീ ഖണ്ഡികകളിൽ സൂചിപ്പിക്കുന്ന പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഈ തുക നബാർഡിൽ നിന്നും തിരികെ വാങ്ങാൻ കഴിഞ്ഞില്ല.

സംസ്ഥാനതലത്തിൽ, ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത 617 പ്രവൃത്തികളിൽ 369 എണ്ണം മാത്രമേ പൂർത്തിയാക്കിയുള്ളൂ. ബാക്കിയുള്ള 248 എണ്ണത്തിൽ 68 പ്രവൃത്തികൾ ആരംഭിച്ചതേയില്ല. 180 എണ്ണമാകട്ടെ അപൂർണ്ണമായി തുടരുന്നു. (ഖണ്ഡിക 3.5.2.2 കാണുക). ഭൗതികലക്ഷ്യം 60 ശതമാനത്തിൽ കുറച്ച് മാത്രമേ കൈവരിക്കാനായുള്ളൂ.

#### 3.5.3.2 സ്ഥലത്തിന്റെ ദൗർലഭ്യം

38.64 ലക്ഷം രൂപ ചെലവഴിച്ചതിനുശേഷം, സ്ഥല ദൗർലഭ്യംമൂലം രണ്ടു പ്രവൃത്തികൾ ഉപേക്ഷിച്ചു.

പാതയുടെ നിർദ്ദിഷ്ട നീളം മുഴുവൻ എട്ടുമീറ്റർ വീതിയിൽ സ്ഥലം ലഭ്യമാണെങ്കിൽ മാത്രമേ അടിസ്ഥാന സൗകര്യ വികസന നിധിയിലെ റോഡ് പണി ഏറ്റെടുക്കാവൂ. 2002-03-ൽ ഏറ്റെടുത്ത രണ്ടു പ്രവൃത്തികൾ സ്ഥലദൗർലഭ്യംമൂലം ഉപേക്ഷിക്കേണ്ടി വന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | പാതയുടെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|---|---|
| 1 | കളനട | തുണ്ടകടവ് തുണ്ടപ്പാറ റോഡ് | 26.00 | 14.31 | വസ്തു വിട്ടുകൊടുക്കാൻ ഉടമ വിസമ്മതിച്ചു |
| 2 | കോന്നി | ചെമ്പിക്കുന്ന-തട്ടക്കുന്ന-ഏലപ്പാറ റോഡ് | 33.75 | 24.33 | സ്ഥല ദൗർലഭ്യം |
| | ആകെ | | 59.75 | 38.64 | |

നിർദ്ദിഷ്ട രീതിയുള്ള സ്ഥലത്തിന്റ ലഭ്യത ഉറപ്പാക്കാതെ റോഡുപണി ഏറ്റെടുത്തതുമൂലം 38.64 ലക്ഷം രൂപയുടെ വ്യർത്ഥമായ ചെലവുണ്ടായി.

### 3.5.3.3 കരാറുകാരിൽ നിന്നും പ്രവൃത്തി നിർവ്വഹണ ജാമ്യം വാങ്ങാതിരിക്കൽ

കരാറുകാരൻ സമ്മതിച്ച നിരക്കുകൾ അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിൽ കുറവാണെങ്കിൽ കരാറുകാരൻ നിർവ്വഹണ ജാമ്യത്തുക അടയ്ക്കേണ്ടതാണ് എന്ന് 1997 ആഗസ്റ്റിൽ സർക്കാർ തീരുമാനിച്ചു. ഇത് കരാറിന്റെ പ്രതീക്ഷിത അടങ്കൽത്തുകയും സമ്മതിച്ച തുകയും തമ്മിലുള്ള വ്യത്യാസത്തിനു തുല്യമായിരിക്കണം. പക്ഷേ താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികളിൽ സമ്മതിച്ച നിരക്ക് അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനം കുറവായിരുന്നിട്ടും കരാറുകാരിൽ നിന്നും നിർവ്വഹണജാമ്യം വാങ്ങിയിരുന്നില്ല എന്നതിനുപുറമേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ബ്ലോക്ക് പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം രൂപയിൽ) | സമ്മതിച്ച നിരക്ക് | ചെലവാക്കിയ തുക (ലക്ഷം രൂപയിൽ) | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | അരുവാച്ചൻ കുഴി-ഇടക്കടത്തി റോഡ് | റാന്നി | 64.64 | 25 ശതമാനം കുറച്ച് | 10.42 | 2007 സെപ്റ്റംബറിൽ പ്രവൃത്തി അവസാനിപ്പിച്ചു |
| 2 | ഇലവട്ടം വഞ്ചുവം റോഡ് | വാമനപുരം | 45.00 | 25.61 ശതമാനം കുറച്ച് | 27.81 | 2003 ജനവരി 18-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി ഇതുവരെ പൂർത്തിയായില്ല |
| 3 | പാവുവള്ളി-കട്ടമാൻകുഴി വണ്ടിത്തടം റോഡ് | വാമനപുരം | 60.00 | 27 ശതമാനം കുറവ് | ഇല്ല | 2006 നവംബർ 29-ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി 8/07-ൽ മാത്രമേ ആരംഭിച്ചുള്ളൂ. |

കരാറുകാരിൽനിന്നും ഉറപ്പായി നിർവ്വഹണജാമ്യം വാങ്ങിയിരുന്നുവെങ്കിൽ, പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കുവാനും ഗ്രാമീണജനതയ്ക്ക് പ്രയോജനം ലഭിക്കുവാനുമുള്ള സാധ്യത കൂടുതൽ ശോഭനമാകുമായിരുന്നു.

### 3.5.3.4 മുൻകൂർ തുക വാങ്ങിയതിനുശേഷം പ്രവൃത്തി ഉപേക്ഷിക്കൽ

പ്രവൃത്തി ഉപേക്ഷിച്ചിട്ടും നൽകിയ മുൻകൂർ തുക തിരികെ പിടിച്ചില്ല.

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെൺമണിയിൽ ഉളിയന്തറ-ആറേക്കോട് പാതയുടെ നിർമ്മാണത്തിനുള്ള ഒരു പദ്ധതി നബാർഡ് 2001-02-ലെ ട്രാൻഷേ VII-ൽ ഉൾപ്പെടുത്തി അംഗീകരിച്ചു. പദ്ധതിയുടെ അടങ്കൽതുക 60 ലക്ഷം രൂപ ആയിരുന്നു. നബാർഡ് അനുവദിച്ച പ്രാരംഭ മുൻകൂറായ 10.80 ലക്ഷം രൂപ 2003 മാർച്ച് 29-ന് ബ്ലോക്ക് പഞ്ചായത്തിന് കൈമാറി. അവർ 2003 മാർച്ച് 31-ന് തുക പേഴ്സണൽ ഡെപ്പോസിറ്റ് അക്കൗണ്ടിൽ വരവുവച്ചെങ്കിലും, 5 വർഷത്തോളം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല. പ്രാരംഭ മുൻകൂർ തുക വാങ്ങിയിട്ടും പ്രവൃത്തി തുടങ്ങാത്തതിനെതിരെയോ, മുൻകൂർ തുക തിരിച്ചുപിടിക്കുന്നതിനുവേണ്ടിയോ യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്തിനെതിരെ സ്വീകരിച്ചില്ല.

### 3.5.3.5 ടാറിന്റെ വില വ്യത്യാസമായി അനധികൃതമായി പണം നൽകൽ

2004 ഡിസംബർ 1 മുതൽ പ്രാബല്യത്തിലുള്ള പൊതുമരാമത്തു വകുപ്പിന്റെ റേറ്റുകളുടെ ഷെഡ്യൂൾ പ്രകാരം ടാറിന്റെ നിരക്ക് മെട്രിക് ടണ്ണിന് 7,223 രൂപയായിരുന്നു. ഇക്കാലയളവിൽ എണ്ണക്കമ്പനികൾക്ക് നൽകേണ്ട യഥാർത്ഥവില മെട്രിക് ടണ്ണിന് 13,500 രൂപ ആയിരുന്നു. പട്ടികയിൽ പറയുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലാണ് അടങ്കൽ തുക നിശ്ചയിച്ചതെന്നതിനാൽ ടാറിന്റെ വിലയിലെ വ്യത്യാസം കരാറുകാരൻ സ്വയം വഹിക്കേണ്ടതായിരുന്നു. എന്നാൽ പരിശോധിച്ച 15-ൽ രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾ ട്രാൻഷേയിൽ 5.93 ലക്ഷം രൂപ ഈ ഇനത്തിൽ കരാറുകാർക്ക് നൽകി. VIII-ാം ട്രാൻഷേയിൽ ഉൾപ്പെടുത്തിയ മൂന്നു റോഡുപണികൾക്കായാണ് മേൽപ്പറഞ്ഞ തുക നൽകിയത്.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ബ്ലോക്ക് പഞ്ചായത്ത് | പ്രതീക്ഷിത അടങ്കൽ തുക | കൊടുത്ത പണം | | | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|---|
| | | | | പ്രവൃത്തിയുടെ മൂല്യം | ടാറിന്റെ വില വ്യത്യാസം | ആകെ | |
| 1 | ഉണക്ക് തോട്- ആനക്കുളം റോഡ് | അഞ്ചൽ | 31.17 | 30.37 | 0.90 | 31.27 | 2006 മാർച്ച് 30 |
| 2 | മണലിൽ- എറച്ചിക്കൽ റോഡ് | അഞ്ചൽ | 61.13 | 61.13 | 2.09 | 63.22 | 2006 മാർച്ച് 30 |
| 3 | മാന്തുക- റീത്തുപള്ളി പുത്തൻ കണ്ടം റോഡ് | ചെങ്ങന്നൂർ | 31.00 | 30.98 | 2.94 | 33.92 | 2006 ഏപ്രിൽ 7 |
| | ആകെ | | 123.30 | 122.48 | 5.93 | 128.41 | |

ഇങ്ങനെ 5.93 ലക്ഷം രൂപ കരാറുകാർക്ക് നൽകിയത് അനധികൃതമായിരുന്നു.

### 3.5.4 കണക്കുസൂക്ഷിക്കൽ

#### 3.5.4.1 വരവുകളും ചെലവുകളും കണക്കിൽപ്പെടുത്താതിരിക്കൽ

ബ്ലോക്ക് പഞ്ചായത്തുകൾ 98.36 ലക്ഷം രൂപ കണക്കിൽ പെടുത്തിയില്ല

പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളുടെയും കൃത്യമായ കണക്കുകൾ സൂക്ഷിക്കുവാൻ പഞ്ചായത്തുകൾ ബാധ്യസ്ഥരായിരുന്നു. എന്നാൽ താഴെപ്പറയുന്ന ബ്ലോക്ക് പഞ്ചായത്തുകൾ അവയ്ക്ക് ലഭിച്ച 98.36 ലക്ഷം രൂപയുടെയും അതിൽ നിന്നുള്ള ചെലവുകളുടെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ട്രാൻഷേ നമ്പർ | തുക |
|---|---|---|---|
| 1 | അഞ്ചൽ | III&IV | 65.87 |
| 2 | കൊട്ടാരക്കര | VIII | 24.02 |
| 3 | കിളിമാനൂർ | III | 8.47 |
| | ആകെ | | 98.36 |

കണക്കുകളുടെ അഭാവത്തിൽ ധനദുർവിനിയോഗത്തിന്റെ സാധ്യത തള്ളിക്കളയാനാവില്ല.

### 3.5.5 തുടർനിരീക്ഷണവും വിലയിരുത്തലും

നബാർഡും സർക്കാരും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവൃത്തികളുടെ നടത്തിപ്പിലെ ഗുണമേന്മയും പുരോഗതിയും പദ്ധതി നടത്തിപ്പിന്റെ അധികാരിയും നബാർഡും നിരീക്ഷിക്കണം. ഇതിനായി പദ്ധതി സ്ഥലങ്ങൾ മുറയ്ക്ക് സന്ദർശിക്കണം. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ജില്ലാതല ഉദ്യോഗസ്ഥരും യഥാക്രമം 10 ഉം 20 ഉം ശതമാനം പ്രവൃത്തികൾ പരിശോധിക്കണം. എന്നാൽ നിഷ്കർഷിച്ച പ്രകാരം സെക്രട്ടറിയോ ജില്ലാതല ഉദ്യോഗസ്ഥരോ പരിശോധന നടത്തിയതായി രേഖകളൊന്നുമില്ല. തുടർനിരീക്ഷണത്തിന്റെ അഭാവത്തിൽ, 3.5.2.2-ാം ഖണ്ഡികയിൽ പറയും പ്രകാരം ഏറ്റെടുത്തവയിൽ 40 ശതമാനം പദ്ധതികളും പൂർത്തീകരിക്കാനായില്ല. നിശ്ചിതസമയത്ത് പ്രവൃത്തികൾ പൂർത്തിയാക്കാതിരുന്നതിനാൽ, 3.5.2.3-ാം ഖണ്ഡികയിൽ വിശദമാക്കിയതുപോലെ 88.80 കോടി രൂപ നബാർഡിൽ നിന്നും ലഭിച്ചില്ല.

### 3.5.6 നിഗമനം

1997-2006 കാലയളവിൽ ബ്ലോക്ക പഞ്ചായത്തുകൾ ഏറ്റെടുത്ത നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതികളിൽ 60 ശതമാനത്തോളം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ. പദ്ധതിക്കായി നബാർഡ് നൽകിയ തുകയിൽ നിന്നും ഒരു ഭാഗം സംസ്ഥാന സർക്കാർ പിടിച്ചുവച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവയുടെ തനതുഫണ്ടിൽ നിന്ന് പരിധിവിട്ട തുക ചെലവാക്കേണ്ടി വന്നു. ചില ബ്ലോക്ക് പഞ്ചായത്തുകൾ അവയ്ക്കു കിട്ടിയ തുകയുടെയും

അതിൽനിന്നുള്ള ചെലവുകളുടെയും കണക്കുകൾ സൂക്ഷിച്ചില്ല. പ്രവൃത്തികളുടെ തുടർ നിരീക്ഷണവും നിർദ്ദിഷ്ട രീതിയിൽ നടന്നില്ല. തത്ഫലമായി പ്രവൃത്തികൾ പൂർത്തിയാക്കാതിരിക്കാനും നബാർഡിൽ നിന്നും പണം ലഭിക്കാതിരിക്കുന്നതിനും ഇടയായി.

### 3.5.7 ശിപാർശകൾ

➢ നബാർഡിൽ നിന്ന് സംസ്ഥാന സർക്കാരിനു ലഭിക്കുന്ന പദ്ധതിത്തുക ഗ്രാമീണ വികസന ഡയറക്ടർക്കും അവിടെ നിന്ന് ബ്ലോക്ക് പഞ്ചായത്തിനും കൃത്യസമയത്ത് കൈമാറണം.

➢ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി ഫണ്ട് (പദ്ധതിയുടെ പഞ്ചായത്ത് വിഹിതമൊഴികെ) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടുകളുടെ നിർവ്വഹണത്തിന് ഉപയോഗിക്കരുത്.

➢ പദ്ധതിയുടെ തുക സൂക്ഷിക്കുന്നതിനും കണക്കുകൾ വയ്ക്കുന്നതിനും കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

➢ പദ്ധതി നടത്തിപ്പിന്റെ എല്ലാ തലത്തിലും തുടർനിരീക്ഷണവും വിലയിരുത്തലും ശക്തിപ്പെടുത്തണം.

[സി ആന്റ് എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. നബാർഡ് അനുവദിച്ച തുക എന്ന പരാമർശത്തിന്മേലുള്ള വിശദാംശം സമിതി ആരാഞ്ഞതിന്, ബ്ലോക്ക് പഞ്ചായത്തുകൾ ആദ്യം തുക ചെലവാക്കുകയും, ആയതിന്റെ ബില്ലുകൾ ധനകാര്യ വകുപ്പ് മുഖാന്തിരം നബാർഡിലേക്ക് അയച്ച് അംഗീകാരം വാങ്ങുകയും ചെയ്യുന്ന തരത്തിലുള്ള പ്രക്രിയ കാലതാമസം വരുത്തുന്നതാണെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. 2012 മാർച്ച് വരെ ബാക്കി നിൽക്കുന്ന വായ്പയുടെ വിശദാംശം സമിതി ആരാഞ്ഞതിന്, 2006-07 അവസാനം വരെ വായ്പയിനത്തിൽ 539.02 കോടി രൂപ തിരിച്ചടയ്ക്കാൻ ബാക്കിയായിരുന്നുവെന്നും, നബാർഡിന്റെ ഔട്ട്സ്റ്റാന്റിംഗ് ലോണിനെയും റീ-പെയ്മെന്റിനെയും സംബന്ധിച്ച കണക്ക് ധനകാര്യവകുപ്പിൽ നിന്ന് മാത്രമേ ലഭ്യമാകുകയുള്ളൂവെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ അറിയിച്ചു. 2012 വരെ അനുവദിച്ച വായ്പയുടെ വിശദാംശങ്ങളും നബാർഡിൽ

നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച വർക്കുകളുടെയും ഇടയ്ക്കുവച്ച് മുടങ്ങിപ്പോയ വർക്കുകളുടെയും ബ്ലോക്ക് പഞ്ചായത്തുകൾ നബാർഡിലേക്ക് റീ-ഇംബേഴ്സ് ചെയ്ത കണക്കുകളുടെയും, അനുവദിച്ച തുകയിൽ ഉപയോഗിക്കാതെ നബാർഡിലേക്ക് തിരിച്ചടച്ച തുകയുടെയും, കൃത്യമായ കണക്കുകൾ ഒരു മാസത്തിനുള്ളിൽ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

2. ട്രാൻചുകൾ ക്ലോസ് ചെയ്യുന്നതിന് മുമ്പ് 57 വർക്കുകൾ പൂർത്തീകരിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലായോ, 25 ശതമാനം കുറച്ചോ ക്വാട്ട് ചെയ്ത റിയലിസ്റ്റിക്കല്ലാത്ത ടെണ്ടർ സ്വീകരിച്ച റോഡുകളുടെയും, ഒരറ്റം മുതൽ മറ്റേ അറ്റം വരെ ശരിയായ രീതിയിൽ പരിശോധിക്കാൻ സാധിക്കാത്ത റോഡുകളുടെയും കാര്യമാണ് പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും ആയതിന് ഉത്തരവാദികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗമാണെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതെപ്പോഴാണെന്ന് സമിതി ആരാഞ്ഞതിന്, മുമ്പ് നടത്തിയിട്ടുള്ള വർക്കുകളെ സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ മനസ്സിലാക്കിയ പൊതുകാര്യങ്ങളാണിവയെന്നും നബാർഡിന്റെ ഫണ്ടുപയോഗിച്ച് ചെയ്യുന്ന റോഡുകൾക്ക് എട്ട് മീറ്റർ വീതി ഉറപ്പാക്കാതെ റോഡുപണി ആരംഭിക്കുകയും, പിന്നീട് വീതി കൂട്ടാൻ ശ്രമിക്കുമ്പോൾ പഞ്ചായത്തുകൾ വിസമ്മതിച്ചതിനാലും കോൺട്രാക്ടർമാരുടെ വ്യക്തിപരമായ പ്രശ്നങ്ങളാലും പ്രാദേശിക പ്രതിഷേധങ്ങൾ കാരണവും ധാരാളം വർക്കുകൾ മുടങ്ങിപ്പോയിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ കഴിഞ്ഞ ട്രാൻചുകളുടെ തുടർച്ചയല്ലാത്തതിനാൽ പ്രസ്തുത റോഡുകളുടെ ബാക്കി ഭാഗം പഞ്ചായത്തുകൾക്ക് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ചെയ്യണമെന്നാണ് ഇപ്പോൾ നബാർഡ് നിർദ്ദേശിച്ചിരിക്കുന്നതെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

3. റോഡുകൾക്ക് നിയമപരമായി നിഷ്കർഷിച്ചിട്ടുള്ള 8 മീറ്റർ വീതി ഉറപ്പാക്കാത്തതുമൂലം, റോഡ് പണി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥാപനങ്ങൾക്കെതിരെയുള്ള നിയമനടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് കോൺട്രാക്ടർമാരുടെ വീഴ്ചകൊണ്ട് പണി പൂർത്തിയാക്കാൻ സാധിക്കാത്ത കേസുകളിൽ അവരിൽ നിന്ന് റിസ്ക് ആന്റ് കോസ്റ്റ് റിക്കവർ ചെയ്യാറുണ്ടെന്നും അപ്രകാരം നടപടിയെടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുന്നതാണെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

4. ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത 617 ഗ്രാമീണ റോഡുകളിൽ 68 എണ്ണം തുടങ്ങാതിരിക്കുകയോ റദ്ദാക്കുകയോ ചെയ്തതിന്റെ കാരണത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് 51 റോഡുകളുടെ പണി നിർത്തിവയ്ക്കുകയും, 66 റോഡുകളുടെ പണി പല കാരണങ്ങളാലും ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും പണി ആരംഭിക്കാൻ സാധിക്കാത്ത റോഡുകൾക്കുള്ള ഫണ്ട് നബാർഡിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

5. നബാർഡിന്റെ പദ്ധതികളുടെ നിർവ്വഹണത്തിനായി നബാർഡ് അനുവദിക്കുന്ന മുഴുവൻ തുകയും സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാതെ കൈവശം സൂക്ഷിക്കുന്നുണ്ടെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറേറ്റ് അപ്രകാരം ചെയ്യാറില്ലെന്നും ആയതിന് സർക്കാരാണ് മറുപടി പറയേണ്ടതെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

6. സംസ്ഥാന സർക്കാർ കൈമാറിയ തുകയിലെ കുറവ് എന്ന ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് മറുപടി നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് ഒരു മാസത്തിനുള്ളിൽ മറുപടി നൽകുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

7. ആർ.ഐ.ഡി.എഫ്. 3-ൽ ഉൾപ്പെട്ട വെണ്ടാർ മുഴീക്കോട് നിർമ്മാണ പ്രവൃത്തിയുടെ റീ-ഇംബേഴ്സ്മെന്റ് തുകയായി 5.28 ലക്ഷം രൂപ ലഭിച്ചത് 2004 മാർച്ച് 31-ാം തീയതി വൈകുന്നേരമായതിനാൽ ട്രഷറിയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതെ കാലഹരണപ്പെട്ടു എന്ന സർക്കാരിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ സർക്കാർ പിന്നീട് ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുത തുക അനുവദിച്ചു നൽകിയോയെന്നും ഇല്ലെങ്കിൽ പ്രസ്തുത ചെലവ് എങ്ങനെയാണ് വഹിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് തദ്ദേശസ്വയംഭരണ വകുപ്പ് മറുപടി നൽകിയില്ല. ലോൺ തുക ലാപ്സാകാറില്ലെന്നും ഒരു സാമ്പത്തിക വർഷം ലോൺതുക ചെലവാക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത വർഷം പ്രസ്തുത തുക റിലീസ് ചെയ്ത് നൽകാറുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

8. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള തുക സർക്കാർ പിന്നീട് അനുവദിച്ചു നൽകിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വ്യക്തമായ മറുപടി ഒരുമാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

9. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാമ്പത്തിക വർഷാവസാനം തുക വിതരണം ചെയ്യാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് ബ്ലോക്ക് പഞ്ചായത്തുകൾ നബാർഡിന് റീ-ഇംബേഴ്സ്മെന്റ് ക്ലെയിം കൊടുക്കുന്ന മുറയ്ക്കും നബാർഡ് തുക അനുവദിക്കുന്ന മുറയ്ക്കുമാണ് ഫണ്ട് റിലീസ് ചെയ്യുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് പ്രസ്തുത റീ-ഇംബേഴ്സ്മെന്റ് പ്രക്രിയ വളരെയേറെ കാലതാമസം നേരിടുന്നതാണെന്നും പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ തലത്തിൽ മതിയായ തീരുമാനം ഉണ്ടാകേണ്ടതാണെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

10. മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് പദ്ധതികൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ള തുകകൾ ആർ.ഐ.ഡി.എഫ്.മായി ബന്ധപ്പെട്ട വർക്കുകൾക്കായി വകമാറ്റി ചെലവഴിക്കേണ്ടിവരുന്നതിനാൽ അവയുടെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം വിജയകരമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. സർക്കാരിന്റെ ഉറപ്പിന്മേലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നബാർഡിൽ നിന്ന് വായ്പയെടുക്കുന്നത് എന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ച ആർ.ഐ.ഡി.എഫ്. വർക്കുകളുടെ ക്ലെയിം സർക്കാരിൽ സമർപ്പിക്കുന്ന വേളയിൽത്തന്നെ ടി തുക, നബാർഡിൽ നിന്ന് ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ ടി സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നതായും അത്തരത്തിലുള്ള ഒരു ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും സമിതി പറഞ്ഞു. പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്തി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

11. അവസാനിപ്പിച്ച പദ്ധതികളിലെ സഹായത്തുക വിതരണം ചെയ്തതിലെ കുറവ് എന്ന പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

12. ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ നടത്തിപ്പിനെപ്പറ്റി സമിതി ആരാഞ്ഞതിന് ആയവ തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ മറുപടി നൽകി. പറക്കോട് പഞ്ചായത്തിൽ ആർ.ഐ.ഡി.എഫ്.-ൽ നിന്നുള്ള തുക തിരികെ ലഭിക്കുമ്പോൾ പദ്ധതി അനുസരിച്ചുള്ള പ്രോജക്റ്റുകൾ നടത്താമെന്ന ഉദ്ദേശ്യത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക മാറ്റി ചെലവഴിച്ചെന്നും, ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിനുവേണ്ടി നബാർഡ്

സർക്കാരിന് നൽകിയ 36.18 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ലെന്നുമുള്ള മറുപടി സർക്കാർ സമിതിക്ക് നൽകിയിരിക്കെ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് തൃപ്തികരമായി പൂർത്തീകരിച്ചത് എങ്ങനെയാണെന്ന് വ്യക്തമാക്കണമെന്നും, നാളിതുവരെ പ്ലാൻഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ച തുകയുടെയും അവർക്ക് തിരികെ ലഭിച്ച തുകയുടെയും വിശദവിവരങ്ങൾ ഉൾപ്പെടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 15 ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ച മുഴുവൻ തുകയും സർക്കാർ തിരിച്ച നൽകാത്തത് എന്തുകൊണ്ടാണെന്നുമുള്ള കാര്യങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും അടിയന്തരമായി സമർപ്പിക്കണമെന്നും സമിതി തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

13. ഓഡിറ്റ് റിപ്പോർട്ടിൽ പൂർത്തീകരിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് സർക്കാർ മറുപടി നൽകിയിരിക്കുന്നതെന്നത് സമിതി ചൂണ്ടിക്കാട്ടി. ഓഡിറ്റ് കാലയളവിന് ശേഷമാണ് പ്രസ്തുത പണികൾ പൂർത്തിയാക്കിയതെന്ന് ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെയും പദ്ധതികൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ, (പൂർത്തീകരിക്കാത്ത പദ്ധതികൾ, റവന്യൂ റിക്കവറി നടപടികളുടെ നിലവിലുള്ള സ്ഥിതി, ആകെ ചെലവായ തുക, സർക്കാരിൽ നിന്ന് ലഭിക്കാനുള്ള ബാക്കിത്തുക എന്നിവ ഉൾപ്പെടെ) ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

14. അടിസ്ഥാന സൗകര്യവികസന നിധിയിലെ റോഡുപണി ആരംഭിക്കുന്നതിനുമുമ്പ് പാതയുടെ നിർദ്ദിഷ്ട നീളം മുഴുവൻ എട്ട് മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാണെന്ന് ഉറപ്പ് വരുത്തിയിരിക്കണമെന്നിരിക്കെ കുളനട, കോന്നി എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ആരംഭിച്ച രണ്ട് റോഡ് പണികൾ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഉപേക്ഷിക്കേണ്ടിവന്നതുമൂലം 38.64 ലക്ഷം രൂപയുടെ വ്യർത്ഥമായ ചെലവുണ്ടായതായുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച്, പ്രസ്തുത തുക ഉപേക്ഷിക്കപ്പെട്ട ജോലികൾക്കായി ചെലവഴിച്ച 38.64 ലക്ഷം രൂപയുടെ നഷ്ടം എങ്ങനെയാണ് നികത്താൻ ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞു. കോന്നി ബ്ലോക്ക് പഞ്ചായത്തിലെ റോഡ് നിലവിൽ ഗതാഗതയോഗ്യമാണെന്നും കോടതിയിൽ കേസുള്ളതിനാൽ കുളനട ബ്ലോക്ക് പഞ്ചായത്തിലെ റോഡുപണി മുന്നോട്ട് പോയിട്ടില്ലെന്നും ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു. ഉപേക്ഷിക്കപ്പെട്ട ജോലികൾക്ക് ചെലവഴിച്ചിട്ടുള്ള പണം നബാർഡ് നൽകിയില്ലെന്നിരിക്കെ സർക്കാരിനുണ്ടായ 38.64 ലക്ഷം രൂപയുടെ നഷ്ടം ഏതുവിധത്തിൽ പരിഹരിക്കപ്പെട്ടുമെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പണി ഏറ്റെടുക്കുന്നതിനുമുമ്പ് റോഡുപണിക്കാവശ്യമായ

രീതിയിൽ സ്ഥലം ലഭ്യമാണെന്നുറപ്പുവരുത്തുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടി വരുമെന്ന് ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത റോഡുപണികൾക്കായി ടി ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ച തുകകൾ നബാർഡിൽ നിന്ന് തിരികെ ലഭ്യമായിട്ടുണ്ടോയെന്നതു സംബന്ധിച്ചും ടി റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നതു സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

15. കരാറുകാരൻ സമ്മതിച്ച നിരക്കുകൾ അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിൽ കുറവാണെങ്കിൽ കരാറുകാരൻ നിർവ്വഹണ ജാമ്യത്തുക അടയ്ക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് 1997 മുതൽ നിലവിലിരിക്കെ റാന്നി ബ്ലോക്ക് പഞ്ചായത്തിലെ റോഡുപണിക്ക് പെർഫോർമൻസ് ഗ്യാരണ്ടി വേണ്ട എന്ന് ഡി.ആർ.ഡി.എ. എക്സിക്യൂട്ടീവ് എഞ്ചിനീയർ പറഞ്ഞതിന്റെ കാരണം സമിതി ആരാഞ്ഞതിന് ടി ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തുവെന്നും ടിയാൻ പെർഫോർമൻസ് ഗ്യാരണ്ടി വേണ്ട എന്നു പറഞ്ഞത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ഗ്രാമവികസന വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. ടി ഉത്തരവ് നിലവിലുണ്ടായിരിക്കെ പ്രസ്തുത കാര്യത്തിൽ അന്നത്തെ ബി. ഡി. ഒ. വീഴ്ചവരുത്തിയതെന്തുകൊണ്ടാണെന്നതു സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

16. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ ഇളവട്ടം-വഞ്ചുവം റോഡിനെക്കുറിച്ചുള്ള വിശദാംശങ്ങളും അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

17. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വെൺമണിയിൽ, ഉളിയന്തറ-ആലക്കോട് പാതയുടെ നിർമ്മാണത്തിനായി നബാർഡ് 10.80 ലക്ഷം അനുവദിച്ചിട്ടും, പണി നടത്താതിരിക്കുകയും, പ്രസ്തുത തുക തിരിച്ച് പിടിക്കാതിരിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത വർക്ക് റദ്ദ് ചെയ്യുവാൻ ബ്ലോക്ക് പഞ്ചായത്ത് 27-9-2007-ൽ തീരുമാനമെടുത്തിരുന്നുവെന്നും സർക്കാർ ഉത്തരവ് പ്രകാരം 31-3-2003-ൽ ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ച കൂട്ടത്തിൽ പ്രസ്തുത തുകയും ഉൾപ്പെട്ടിരുന്നുവെന്നും, ഇപ്പോൾ ടി തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലില്ലെന്നും, ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു. ടി തുക സർക്കാർ നബാർഡിന് തിരികെ

നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, സി. ആർ. ഡി.-ക്ക് നബാർഡിൽ നിന്ന് ഏറ്റെതെങ്കിലും വർക്കിന് ലഭിക്കുന്ന സ്റ്റാർട്ട് അപ് അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യാമെന്ന തീരുമാനമാണെടുത്തിരിക്കുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

18. ടാറിന്റെ വിലവ്യത്യാസമായി അനധികൃതമായി പണം നൽകിയതിനെപ്പറ്റി സമിതി ആരാഞ്ഞതിന്, ഡി.പി.സി.യുടെ അംഗീകാരത്തോടുകൂടിയാണ് ബ്ലോക്ക് പഞ്ചായത്ത് ടാർ വാങ്ങിയതെന്നുള്ള സർക്കാരിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

19. അഞ്ചൽ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തുകൾ ഓഡിറ്റ് ഖണ്ഡികയിൽ പറയുന്ന വർക്കുകൾ സംബന്ധിച്ചുള്ള കണക്കുകൾ ആഡിറ്റ് സമയത്ത് സൂക്ഷിക്കാതിരുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഇപ്പോൾ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് വേണ്ട കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് ഖണ്ഡികയിൽപ്പറയുന്ന കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കാതിരുന്നതിനെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു.

20. നബാർഡും സർക്കാരും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവൃത്തികളുടെ നടത്തിപ്പിലെ ഗുണമേന്മയും പുരോഗതിയും സംബന്ധിച്ച് പരിശോധന നടത്താറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ഡി.ഡി.ഒ.മാർ റവന്യൂ ജില്ലാ/റീജിയണൽ തലങ്ങളിൽ പീരിയോഡിക്കൽ റിവ്യൂ നടത്തുന്നുണ്ടെന്നും, നബാർഡിന്റെ റീ-ഫൈനാൻസ് ബെയ്സ്ഡ് പ്രോഗ്രാമനുസരിച്ചുള്ള എല്ലാ പരിപാടികളുടെയും നോഡൽ ഓഫീസർ സി.ആർ.ഡി.യാണ് എന്ന് പറയുന്നുണ്ടെങ്കിലും, സി.ആർ.ഡി.-ക്ക് മറ്റു വകുപ്പുകളുടെ മേൽ വ്യക്തമായ നിയന്ത്രണമില്ലെന്നതിനാൽ, ആയതിനുവേണ്ടി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

21. ജില്ലാതല ഓഫീസർമാർ കാലാകാലങ്ങളിൽ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായുള്ള യാതൊരു ശ്രമവും നടത്തുന്നില്ലെന്നത് സമിതി ചൂണ്ടിക്കാണിച്ചു. ആർ.ഐ.ഡി.എഫ്.-ന്റെ വർക്കുകൾ ശരിയായ രീതിയിൽ നടത്തുന്നതിനാവശ്യമായ എഞ്ചിനീയറിംഗ് സംവിധാനം ബ്ലോക്കുകളിൽ നിലവിൽ ഇല്ലെന്നും, ഇതിനായി നിയുക്തരായിട്ടുള്ള പഞ്ചായത്ത് തലത്തിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അവർക്ക് നിഷ്കർഷിച്ചിട്ടുള്ള വർക്ക് തന്നെ ചെയ്യാൻ സമയം കിട്ടാത്ത അവസ്ഥയാണെന്നും,

ആയതിനാൽ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചുള്ള പണികൾ നിർവ്വഹിക്കുന്നതിനായി ഒരു പ്രത്യേക എഞ്ചിനീയറിംഗ് സംവിധാനം രൂപീകരിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള ഒരു ശിപാർശ സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് സമിതി അറിയിച്ചു.

22. സംസ്ഥാനത്തിന് ലഭ്യമാകുന്ന കേന്ദ്ര ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കപ്പെടാതിരിക്കുന്ന സാഹചര്യം നിലവിലുണ്ടെന്നും സംസ്ഥാനത്തിന്റെ പ്രത്യേക സാമൂഹിക സാഹചര്യങ്ങളാണ് മേൽപ്പറഞ്ഞതിന് കാരണമെന്നും, കേന്ദ്ര ഫണ്ടുകളുടെ വിനിയോഗത്തിലുള്ള നിബന്ധനകൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തീർത്തും അപ്രായോഗികമാണെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ തീരുമാനങ്ങൾ അടിയന്തരമായി ഉണ്ടാകേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

**23. നബാർഡ് 2012 വരെ അനുവദിച്ച വായ്പയുടെയും; നബാർഡിന്റെ ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികളിൽ പൂർത്തീകരിച്ചത് മുടങ്ങിപ്പോയത് എന്നിവയുടെയും വിശദാംശങ്ങളും; ബ്ലോക്ക് പഞ്ചായത്തുകൾ നബാർഡിലേക്ക് തിരിച്ചടച്ച വിനിയോഗിക്കാത്ത തുക, റീ-ഇംബേഴ്സ് ചെയ്ത തുക എന്നിവയുടെ കണക്കുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**24. കോൺട്രാക്ടർമാരുടെ അനാസ്ഥമൂലം റോഡ് നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ ടിയാന്മാരിൽ നിന്നും റിസ്ക് ആന്റ് കോസ്റ്റ് റിക്കവർ ചെയ്യാൻ സ്വീകരിച്ച നടപടിയും പ്രസ്തുത നടപടി സ്വീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**25. നബാർഡിന്റെ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഭാഗികമായി മാത്രം വിതരണം ചെയ്യുന്നതും ബാക്കിതുക അനധികൃതമായി കൈവശം സൂക്ഷിക്കുന്നതും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി വായ്പാ തുക വിനിയോഗിച്ചതു സംബന്ധിച്ച റിപ്പോർട്ട നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.**

26. ഓഡിറ്റ് പരാമർശവിഷയവുമായി ബന്ധപ്പെട്ടതും വർഷാന്ത്യത്തിൽ അനുവദിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പിൻവലിക്കാൻ കഴിയാതെ വന്നതുമായ തുക, പിന്നീട് ലഭ്യമാക്കിയതു സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

27. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ച ആർ.ഐ.ഡി.എഫ്. പ്രവൃത്തികളുടെ തുക, നബാർഡിൽനിന്നും ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ ആയതിനുള്ള ക്ലെയിം സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നും ആയതിന് കൈക്കൊണ്ടിട്ടുള്ള നടപടി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. അവസാനിപ്പിച്ച പദ്ധതികളിലെ സഹായത്തുക വിതരണം ചെയ്യതിലെ കുറവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

29. ആർ.ഐ.ഡി.എഫ്.-ലെ ജോലികളുടെ നടത്തിപ്പിനായി ബ്ലോക്ക പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച തുകയുടേയും അവർക്ക് തിരികെ ലഭിച്ച തുകയുടേയും വിശദവിവരങ്ങൾ ഉൾപ്പെടെ പരാമർശ വിധേയമായ 15 ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകയും തിരിച്ച നൽകുന്നതിനു സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

30. പരാമർശ വിധേയമായ ഓരോ ബ്ലോക്ക് പഞ്ചായത്തിന്റേയും പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ (പൂർത്തീകരിക്കാത്ത പദ്ധതികൾ, റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി, ആകെ ചെലവായ തുക, സർക്കാരിൽ നിന്നും ലഭിക്കാനുള്ള ബാക്കി തുക) ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

31. കുളനട, കോന്നി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെ റോഡു പണികൾക്കായി ചെലവഴിച്ച തുക നബാർഡിൽ നിന്നും തിരികെ ലഭ്യമായതും പ്രസ്തുത റോഡുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

32. കരാറുകാരൻ സമ്മതിച്ച നിരക്കുകൾ അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിൽ കുറവാണെങ്കിൽ കരാറുകാരൻ നിർവ്വഹണ ജാമ്യത്തുക അടയ്ക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടായിരിക്കെ റാന്നി ബ്ലോക്ക് പഞ്ചായത്തിലെ റോഡ് പണിക്ക് കരാറുകാരനിൽ നിന്നും പ്രവൃത്തി നിർവ്വഹണജാമ്യം വാങ്ങാതിരുന്ന നടപടി

ഡി.ആർ.ഡി.എ. എക്സിക്യൂട്ടിവ് എഞ്ചിനീയർ, ബി.ഡി.ഒ. എന്നിവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ ഇളവട്ടം-വഞ്ചിയം റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

34. വെൺമണിയിലെ ഉളിയന്തറ-ആലക്കോട് പാതയുടെ നിർമ്മാണ പ്രവൃത്തി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് റദ്ദാക്കിയതിനെത്തുടർന്ന് പ്രാരംഭ മുൻകൂറായി ബ്ലോക്ക് പഞ്ചായത്ത് കൈപ്പറ്റിയ തുക നബാർഡിന് തിരികെ നൽകുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. അഞ്ചൽ-കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ പരാമർശ വിധേയമായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിനെ സംബന്ധിച്ചും നിലവിൽ വരവ് ചെലവ് കണക്കുകൾ കാര്യക്ഷമമായി സൂക്ഷിക്കുന്നതിനു സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

36. കേന്ദ്രഫണ്ടിനു കീഴിലനുവദിക്കുന്ന പദ്ധതികളുടെ നടത്തിപ്പിൽ, നബാർഡും സർക്കാരും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്നതു സംബന്ധിച്ച പരിശോധനയും പ്രവൃത്തികളുടെ തുടർ നിരീക്ഷണവും സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുഴുവൻ തുകയും യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുന്നതിനും ടി സ്ഥാപനങ്ങളുടെ തനത് ഫണ്ട് ആർ.ഐ.ഡി.എഫ്.-ന് കീഴിലുള്ള പ്രവൃത്തി കൾക്കായി വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഒക്ടോബർ 18.

അനുബന്ധം- 1

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തദ്ദേശസ്വയം ഭരണം | 22 | നബാർഡ് 2012 വരെ അനുവദിച്ച വായ്പയുടേയും; നബാർഡിന്റെ പണമുപയോഗിച്ച് ചെയ്ത പ്രവൃത്തികളിൽ പൂർത്തീകരിച്ചത് മുടങ്ങിപ്പോയത് എന്നിവയുടെയും വിശദാംശങ്ങളും; ബ്ലോക്ക് പഞ്ചായത്തുകൾ നബാർഡിലേക്ക് തിരിച്ചടച്ച വിനിയോഗിക്കാത്ത തുക, റീ-ഇംബേഴ്സ് ചെയ്ത തുക എന്നിവയുടെ കണക്കുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | തദ്ദേശസ്വയം ഭരണം | 23 | കോൺട്രാക്ടർമാരുടെ അനാസ്ഥമൂലം റോഡ് നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ ടിയാന്മാരിൽ നിന്നും റിസ്ക് ആന്റ് കോസ്റ്റ് റിക്കവർ ചെയ്യാൻ സ്വീകരിച്ച നടപടിയും പ്രസ്തുത നടപടി സ്വീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | തദ്ദേശസ്വയം ഭരണം | 24 | നബാർഡിന്റെ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഭാഗികമായി മാത്രം വിതരണം ചെയ്യുന്നതും ബാക്കിതുക അനധികൃതമായി കൈവശം സൂക്ഷിക്കുന്നതും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി വായ്പാ തുക വിനിയോഗിച്ചത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | തദ്ദേശസ്വയം ഭരണം | 25 | ഓഡിറ്റ് പരാമർശവിഷയവുമായി ബന്ധപ്പെട്ടതും വർഷാന്ത്യത്തിൽ അനുവദിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പിൻവലിക്കാൻ കഴിയാതെ വന്നതുമായ തുക, പിന്നീട് ലഭ്യമാക്കിയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 5 | തദ്ദേശസ്വയം ഭരണം | 26 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ച ആർ.ഐ.ഡി.എഫ്. പ്രവൃത്തികളുടെ തുക, നബാർഡിൽ നിന്നും ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ ആയതിനുള്ള ക്ലെയിം സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നും ആയതിന് കൈക്കൊണ്ടിട്ടുള്ള നടപടി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | തദ്ദേശസ്വയം ഭരണം | 27 | അവസാനിപ്പിച്ച പദ്ധതികളിലെ സഹായത്തുക വിതരണം ചെയ്യതിലെ കുറവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | തദ്ദേശസ്വയം ഭരണം | 28 | ആർ.ഐ.ഡി.എഫ്-ലെ ജോലികളുടെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച തുകയുടേയും അവർക്ക് തിരികെ ലഭിച്ച തുകയുടേയും വിശദവിവരങ്ങൾ ഉൾപ്പെടെ പരാമർശ വിധേയമായ 15 ബ്ലോക്ക് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകയും തിരിച്ച നൽകുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | തദ്ദേശസ്വയം ഭരണം | 29 | പരാമർശ വിധേയമായ ഓരോ ബ്ലോക്ക് പഞ്ചായത്തിന്റേയും പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ (പൂർത്തീകരിക്കാത്ത പദ്ധതികൾ, റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി, ആകെ ചെലവായ തുക, സർക്കാരിൽ നിന്നും ലഭിക്കാനുള്ള ബാക്കി തുക) ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | തദ്ദേശസ്വയം ഭരണം | 30 | കുളനട, കോന്നി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെ റോഡ് പണികൾക്കായി ചെലവഴിച്ച തുക നബാർഡിൽ നിന്നും തിരികെ ലഭ്യമായതും പ്രസ്തുത റോഡുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | തദ്ദേശസ്വയം ഭരണം | 31 | കരാറുകാരൻ സമ്മതിച്ച നിരക്കുകൾ അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിൽ കുറവാണെങ്കിൽ കരാറുകാരൻ നിർവ്വഹണ ജാമ്യത്തുക അടയ്ക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടായിരിക്കേ റാന്നി ബ്ലോക്ക് പഞ്ചായത്തിലെ റോഡു പണിയ്ക്ക് കരാറുകാരനിൽ നിന്നും പ്രവൃത്തി നിർവ്വഹണജാമ്യം വാങ്ങാതിരുന്ന നടപടി ഡി.ആർ.ഡി.എ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി.ഡി.ഒ. എന്നിവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | തദ്ദേശസ്വയം ഭരണം | 32 | വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ ഇളവട്ടം-വഞ്ചുവം റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | തദ്ദേശസ്വയം ഭരണം | 33 | വെൺമണിയിലെ ഉളിയന്നൂര-ആലക്കോട് പാതയുടെ നിർമ്മാണ പ്രവൃത്തി ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് റദ്ദാക്കിയതിനെത്തുടർന്ന് പ്രാരംഭ മുൻകൂറായി ബ്ലോക്ക് പഞ്ചായത്ത് കൈപ്പറ്റിയ ഇക നബാർഡിന് തിരികെ നൽകുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | തദ്ദേശസ്വയം ഭരണം | 34 | അഞ്ചൽ-കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ പരാമർശ വിധേയമായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിനെ സംബന്ധിച്ചും നിലവിൽ വരവ് ചെലവ് കണക്കുകൾ കാര്യക്ഷമമായി സൂക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | തദ്ദേശസ്വയം ഭരണം | 35 | കേന്ദ്രഫണ്ടിന് കീഴിൽവരുന്ന പദ്ധതികളുടെ നടത്തിപ്പിൽ, നബാർഡും സർക്കാരും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച പരിശോധനയും പ്രവൃത്തികളുടെ തുടർ നിരീക്ഷണവും സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | തദ്ദേശസ്വയം ഭരണം | 36 | പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുഴുവൻ തുകയും യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും ടി സ്ഥാപനങ്ങളുടെ തനത് ഫണ്ട് ആർ.ഐ.ഡി.എഫ്.-ന് കീഴിലുള്ള പ്രവൃത്തികൾക്കായി വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

## അനുബന്ധം - II

[illegible] 2007 മാർച്ച് 31 ന് അവസാനിച്ച [illegible] റിപ്പോർട്ടിലെ 3.5- ാം അദ്ധ്യായം "ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതികളുടെ നിർവ്വഹണം" - [illegible] സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണ പത്രിക.

| ഖണ്ഡിക നം. | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
| --- | --- | --- |
| 3.5.1 | **ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് പദ്ധതികളുടെ നിർവ്വഹണം**<br>കേന്ദ്ര സർക്കാർ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി (ആർ.ഐ.ഡി.എഫ്) രൂപീകരിക്കുവാനുള്ള ഒരു പദ്ധതി 1995-96-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ നിധി നബാർഡാണ് കൈകാര്യം ചെയ്യുന്നത്. ഇന്ത്യയിലെ വാണിജ്യബാങ്കുകൾ അവരുടെ കാർഷിക വായ്പയിലെ കുറവിന് തുല്യമായി ഇക മിച്ച വായ്പയുടെ 1.5 ശതമാനത്തിന് ഉയർന്ന പരിധിക്ക വിധേയമായി, സംഭാവന നൽകുന്നതിലൂടെ സംഭരിച്ചതാണ് ഈ ഫണ്ടിന്റെ മൂലധനം. റോഡുകൾ, വിപണന മാർക്കറ്റുകൾ ഇടങ്ങിയ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാരിന് വായ്പ നൽകുന്നു. സംസ്ഥാന സർക്കാരിന്റെ [illegible] ഫണ്ടിന്റെ പദ്ധതികളുടെ ഏകീകരണത്തിന്റെ പൂർണ്ണ വായ്പയും പലിശയും ക്രമമായി [illegible] വിഹിതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നു. ഫണ്ടിലേയ്ക്കുള്ള [illegible] പഞ്ചായത്തുകളും [illegible] 2001-02 [illegible] 10 ശതമാനവും [illegible] 20 [illegible] പഞ്ചായത്തുകൾ [illegible]<br>[illegible] പഞ്ചായത്തുകൾ ഇപ്രകാരം ഗ്രാമീണ [illegible] ഏറ്റെടുത്തത്. [illegible] വിഹിതവും [illegible] എല്ലാ [illegible] പഞ്ചായത്തുകളുടെ വാർഷിക [illegible] ഗ്രാമീണ റോഡ് പ്രവൃത്തികൾ തെരഞ്ഞെടുത്തിരുന്നത്. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 15 എണ്ണം അഞ്ചു ജില്ലകളിൽ നിന്ന് ഓഡിറ്റിന് തെരഞ്ഞെടുത്തു. പരിശോധനാ ഫലങ്ങൾ താഴെകൊടുക്കുന്നു. | കേന്ദ്ര സർക്കാർ ഭൂകളിൽ നിശ്ചയിച്ച മാനദണ്ഡ പ്രകാരമാണ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ സംസ്ഥാന വിഹിതം റോഡ് തോടുള്ള പ്രവൃത്തിയ്ക്ക് 20 ശതമാനവും മറ്റുള്ളവയ്ക്ക് 15 ശതമാനവും [illegible] ഗ്രാമീണ [illegible] |
| 3.5.2.1 | **നബാർഡ് അനുവദിച്ച തുക**<br>[illegible] തിരിച്ച് നൽകുന്ന രീതിയിലാണ് നബാർഡ് തുക അനുവദിക്കുന്നത്. [illegible] പ്രവൃത്തികളുടെ തുക ആദ്യം ബ്ലോക്ക് പഞ്ചായത്തുകൾ നൽകിയിട്ട് അതിന്റെ ബില്ലുകൾ ഗ്രാമ വികസന കമ്മീഷണർ [illegible] നബാർഡിലേയ്ക്ക് അയയ്ക്കണം. നബാർഡ് [illegible] തുക അനുവദിക്കും. അവിടെ നിന്ന് ഗ്രാമ വികസന കമ്മീഷണർ വഴി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറും.<br>2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ നബാർഡിൽ നിന്നും 694.47 കോടി രൂപ സംസ്ഥാന സർക്കാരിന് ഫണ്ടിൽ നിന്നുള്ള വായ്പയായി ലഭിച്ചു. ഇതിൽ 472.65 കോടി രൂപ [illegible] [illegible] വിശദാംശങ്ങൾ താഴെ [illegible] | നബാർഡ് വഴി ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള ഫണ്ട് [illegible] സ്ഥാപനങ്ങൾക്ക് പുറമേ മറ്റ് [illegible] വകുപ്പുകളുടെ [illegible] വകുപ്പുകൾ [illegible] മറ്റ് [illegible] പ്രവർത്തനങ്ങളും [illegible] നിർവഹിച്ച് വരുന്നു |

| ക്രമ നം | വർഷം | വർഷാരംഭ ബാക്കി നില്പ് | ഈ വർഷം കിട്ടിയ വായ്പ തുക | ആകെ | തിരിച്ചടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | 2002-03 | 317.20 | 114.87 | 431.57 | 44.50 | 387.07 |
| 2 | 2003-04 | 387.07 | 117.54 | 504.61 | 51.89 | 452.72 |
| 3 | 2004-05 | 452.72 | 100.84 | 553.56 | 49.64 | 509.92 |
| 4 | 2005-06 | 509.92 | 125.71 | 629.63 | 304.43 | 325.20 |
| 5 | 2006-07 | 325.20 | 236.01 | 561.21 | 22.19 | 539.02 |
| | ആകെ | | 694.47 | | 472.65 | |

അടച്ചു തീർക്കാനുള്ള വായ്പാതുക 2002-03 ആരംഭത്തിൽ 317.20 കോടി രൂപ ആയിരുന്നത് 2006-07 അവസാനം 539.02 കോടി രൂപയായി. പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും കൈമാറാനുള്ളതാണ് ഈ തുക.

3.5.2.2 **ഭൗതിക ലക്ഷ്യപ്രാപ്തി**

1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ 617 ഗ്രാമീണറോഡുകളുടെ നിർമ്മാണം ഏറ്റെടുത്തതിൽ 369 എണ്ണം മാത്രമാണ് പൂർത്തിയാക്കിയത്, (59.81 ശതമാനം).

| ക്രമ നം | ട്രാഞ്ച് നമ്പരും വർഷവും | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | തുടങ്ങാത്തതോ റദ്ദാക്കിയതോ ആയ പ്രോജക്ടുകളുടെ എണ്ണം | തുടങ്ങിയിട്ട് പൂർത്തിയാകാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തിയായ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | III-1997-98 | 140 | 11 | 5 | 124 |
| 2 | IV-1998-99 | 37 | ഇല്ല | 4 | 33 |
| 3 | V-1999-00 | 61 | 8 | 6 | 47 |
| 4 | VI-2000-01 | 72 | 5 | 10 | 57 |
| 5 | VII-2001-02 | 98 | 2 | 11 | 23 |
| 6 | VIII-2002-03 | 92 | 4 | 33 | 55 |
| 7 | IX-2003-04 | 57 | 4 | 30 | 23 |
| 8 | X-2004-05 | 49 | 12 | 30 | 7 |
| 9 | XI-2005-06 | 73 | 22 | 51 | ഇല്ല |
| | ആകെ | 617 | 68 | 180 | 369 |

ബാക്കിയുള്ള 248 ജോലികളിൽ 68 എണ്ണം റദ്ദാക്കുകയോ തുടങ്ങാതിരിക്കുകയോ ചെയ്തപ്പോൾ 180 എണ്ണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ട്രാഞ്ച് നമ്പരും വർഷവും | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | തുടങ്ങാത്തതോ റദ്ദാക്കിയതോ ആയ പ്രോജക്ടുകളുടെ എണ്ണം | തുടങ്ങിയിട്ട് പൂർത്തിയാകാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തിയായ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | III-1997-98 | 140 | 11 | 2 | 127 |
| 2 | IV-1998-99 | 37 | ഇല്ല | 4 | 33 |
| 3 | V-1999-00 | 61 | 8 | 6 | 47 |
| 4 | VI-2000-01 | 72 | 5 | 10 | 57 |
| 5 | VII-2001-02 | 108 | 0 | 0 | 108 |
| 6 | VIII-2002-03 | 94 | 4 | 24 | 66 |
| 7 | IX-2003-04 | 56 | 4 | 0 | 52 |
| 8 | X-2004-05 | 47 | 12 | 3 | 32 |
| 9 | XI-2005-06 | 74 | 22 | 2 | 50 |
| | ആകെ | 689 | 68 | 51 | 572 |

**വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്**

1997 - 98 മുതൽ 2005 - 06 വരെയുള്ള കാലയളവിൽ ആദ്യ മൂന്നു 4 ഗ്രാമീണ റോഡുകളുടെ നിർമ്മാണമാണ് ആർ.ഐ.ഡി.എഫ് മുഖേന വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കിയ

| | | |
|---|---|---|
| | | തി, ഈ നാല് പ്രവൃത്തികളും തൃപ്തികരമായി പൂർത്തീകരിച്ച് പേയ്മെന്റ് നടത്തിയിട്ടുണ്ട്.<br><br>RIDF ട്രാൻച് III<br>1. വെണ്മാർ മുഴിക്കോട് റോഡിന്റെ നിർമ്മാണം<br><br>അണാനുമതി തീയതി - 05.01.1999<br>അണാനുമതി തുക - 19,02,000/- രൂപ<br>പ്രവൃത്തി ആരംഭിച്ച തീയതി - 08.04.1999<br><br>ടെണ്ടർ വ്യവസ്ഥയിൽ കോൺട്രാക്ടറായ ശ്രീ. ബി.സുന്ദരൻ, ചൈതന്യ, വള്ളം, കൊട്ടാരക്കര എന്നയാൾ മുഖേന നിർമ്മാണം നിർവ്വഹിച്ച മേൽ പ്രവൃത്തി 31.03.2003 ൽ പൂർത്തീകരിച്ചു.<br><br>2. കൾപ്പറൽ ഇൻഡ്യൻ ബാങ്ക് ജംഗ്ഷൻ - തുരുത്തിയിൽ ജംഗ്ഷൻ റോഡ് നിർമ്മാണം.<br><br>അണാനുമതി തീയതി - 05.01.1999<br>അണാനുമതി തുക - 24,67,000/- രൂപ<br>പ്രവൃത്തി ആരംഭിച്ച തീയതി - 30.03.2000<br><br>ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. ഗോപിനാഥൻ, പാലവിള വീട്, പവിത്രേശ്വരം എന്നയാൾ മുഖേന നിർമ്മാണം നിർവ്വഹിച്ച മേൽ പ്രവൃത്തി 28.02.2006 ൽ പൂർത്തീകരിച്ചു.<br><br>RIDF ട്രാൻച് IX<br><br>3. പാലമുക്ക് - ഇരട്ടറോഡ് - ഞാങ്കടവ് ആറ്റുവാശ്ശേരി റോഡ് നിർമ്മാണം.<br><br>അണാനുമതി തീയതി - 16.01.2004<br>അണാനുമതി തുക - 62,15,000/- രൂപ<br>പ്രവൃത്തി ആരംഭിച്ച തീയതി - 17.12.2004<br><br>ടെണ്ടർ വ്യവസ്ഥയിൽ കോൺട്രാക്ടറായ ശ്രീ. വി.എൻ. അനിൽകുമാർ, കോവത്തേ വീട്, നെടിയറ (പി.ഒ), അഞ്ചൽ എന്നയാൾ മുഖേന മേൽ പ്രവൃത്തിയുടെ നിർവ്വഹണം തൃപ്തികരമായി പൂർത്തീകരിച്ച് ഫൈനൽ പേയ്മെന്റ് നടത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| | | 4. പള്ളൂർ കോളനി ജംഗ്ഷൻ - തച്ചിറ റോഡ് നിർമ്മാണം<br><br>ഭരണാനുമതി തീയതി - 18.03.2004<br>ഭരണാനുമതി തുക - 18,24,000 രൂപ<br>പ്രവൃത്തി ആരംഭിച്ച തീയതി - 10.02.2005<br><br>ടെണ്ടർ വ്യവസ്ഥയിൽ കോൺട്രാക്ടറായ ശ്രീ. എം.സി. ഹരീം, അരിക്കൽ മൻസിൽ, അഞ്ചൽ എന്നയാൾ മുഖേന ഈ പ്രവൃത്തിയുടെ നിർവ്വഹണം തൃപ്തികരമായി പൂർത്തീകരിച്ച് കൈമാറ്റം ചെയ്തതായ് രേഖപ്പെടുത്തിയിട്ടുണ്ട്.<br>വിവിധ ട്രാഞ്ചുകളിൽ അനുവദിക്കുകയും പൂർത്തിയാക്കുകയും ചെയ്തതിന്റെ വിവരം പ്രത്യേകം നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാതിരുന്നവ അതാത് പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾക്ക് ഇനി നബാർഡ് സഹായം നൽകേണ്ടതില്ല എന്നും തീരുമാനിച്ചു. |
| 3.5.2.4 | **ഫണ്ടുകൾ കാലഹരണപ്പെട്ടത്**<br>1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ 37.08 കോടി രൂപ അടങ്കലുള്ള 110 പദ്ധതികളാണ് പരിശോധിച്ച 15 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചെയ്തത്. ഇവയ്ക്കായി ബ്ലോക്ക് പഞ്ചായത്തുകൾ 20.6 കോടി രൂപ ചെലവാക്കിയെങ്കിലും, നബാർഡ് 18.20 കോടി രൂപയാണ് സർക്കാരിന് കൈമാറിയത്. എന്നാൽ സർക്കാരാകട്ടെ 14.62 കോടി രൂപ മാത്രമേ ഗ്രാമവികസന കമ്മീഷണർ വഴി വിതരണം ചെയ്തുള്ളു. ഇപ്രകാരം 3.58 കോടി രൂപ കുറവായി നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധം X ൽ നൽകിയിട്ടുണ്ട്. ഈ 14.62 കോടി രൂപയിൽ തന്നെ 1.35 കോടി രൂപ സാമ്പത്തിക വർഷത്തിന്റെ ഏറ്റവും അവസാനത്തിലാണ് അനുവദിച്ചത്. തന്മൂലം ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക പിൻവലിക്കാൻ കഴിയാതെ കാലഹരണപ്പെട്ടു. കൂടാതെ 2008 ഫെബ്രുവരിയിലെ കണക്കനുസരിച്ച് 2.66 കോടി രൂപ (20.86-18.20) നബാർഡിൽ നിന്നും ഇനിയും ലഭിക്കാനും ഉണ്ട്. | **പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**<br>പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ലഭിച്ചിരുന്ന തുക പിൻവലിക്കാതെ കാലഹരണപ്പെട്ടുപോയിട്ടില്ല<br><br>**വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്**<br>RIDF III യിൽ ഉൾപ്പെട്ട വെണ്ടാർ മുഴിക്കോട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ റീ ഇംബേഴ്സ്മെന്റ് തുകയായി 5.76 ലക്ഷം രൂപ ലഭിച്ചത് 2004 മാർച്ച് മാസം 31 -ാം തീയതി വൈകുന്നേരമായതിനാൽ തുക ട്രഷറിയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതെ വരികയും അങ്ങനെ തുക കാലഹരണപ്പെടുകയും ചെയ്യുകയാണുണ്ടായത്.<br><br>**ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്**<br>RIDF III - മുതൽ XI വരെയുള്ള ട്രാഞ്ചുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും മുഴുവൻ തുകയും വിതരണം ചെയ്തിട്ടുള്ളതും സർക്കാരിൽ നിന്നും ഈ തുകയ്ക്ക് റീഇംബേഴ്സ്മെന്റ് ലഭിച്ചിട്ടുണ്ട്.<br>**ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്**<br>1997-98 മുതൽ 2007 വരെയുള്ള ആകെ 17 പ്രവൃത്തികളിൽ പൂർത്തിയാക്കാനുണ്ടായിരുന്നത് ആർ.ഐ.ഡി.എഫ് XI ലെ 4 പ്രവൃത്തികളും ആർ.ഐ.ഡി.എഫ് X ലെ ഒരു പ്രവൃത്തിയുമാണ്. 2008-09 ൽ ഈ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 2012 മാർച്ച് |

മാസത്തിൽ ലോക്കൽഫണ്ട് ആഡിറ്റ് നിരാകരിച്ച തുക ഒഴികെ. ആർ.ഐ.ഡി.എഫ് XI ലെ മൂന്നു പ്രവൃത്തികൾക്കും ആർ.ഐ.ഡി.എഫ് I ലെ ഒരു പ്രവൃത്തിക്കും പേയ്മെന്റ് പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**

നബാർഡ് പദ്ധതി പ്രകാരം ഈ ബ്ലോക്ക് പഞ്ചായത്തിൽ അനുമതി ലഭിച്ച് നബാർഡ് ആർ.ഐ.ഡി.എഫ് ചരിവിള-ഇളമ്പിക്കോട് റോഡ് മെറ്റലിംഗും ടാറിംഗും നബാർഡ് ആർ.ഐ.ഡി.എഫ് VIII പട്ടാഴി പനയനം റോഡ് (പട്ടാഴി ഗ്രാമ പഞ്ചായത്ത്) മെറ്റലിംഗും ടാറിംഗും എന്നീ പ്രവർത്തികൾ പൂർത്തീകരിക്കാതെ ഉപേക്ഷിച്ച് സാഹചര്യത്തിൽ ടി പ്രവർത്തികളുടെ നബാർഡ് വിഹിതം പൂർണ്ണമായും കൈപറ്റിയിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

നബാർഡ് പ്രവൃത്തികളുടെ റീഇംബേഴ്സ്മെന്റ് ഇനത്തിൽ ഈ ആഫീസിൽ ലഭിച്ച തുകകൾ ഒന്നുംതന്നെ ലാപ്സായിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

**കുളനട ബ്ലോക്ക് പഞ്ചായത്ത്**

പന്തളം ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് ആഡിറ്റ് കാലയളവിൽ തുകയൊന്നും ലാപ്സായിട്ടില്ല. 6.52 ലക്ഷം രൂപയുടെ ഷോർട്ട് റിലീസ് ഉണ്ടായിട്ടുള്ളത് സ്റ്റേറ്റ്ഷെയർ വിഹിതത്തിന്റേതാണ് കുളനട ബ്ലോക്കിലെ പ്രവൃത്തിയിൽ 11.57 ലക്ഷം രൂപ ലാപ്സായിരുന്നു. ആയത് പിൻകാലത്ത് ട്രാഞ്ചെ ക്ലോസ് ചെയ്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. 3.5.3.1 കുളനട ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മെഴുവേലി ഗ്രാമപഞ്ചായത്തിലെ തുണ്ടുകാട് തുനാടം പ്ലാവ് റോഡ് പണി മാത്രമാണ് പൂർത്തിയാകാതിരുന്നത് 10 മീറ്ററോളം റോഡിൻമേൽ തർക്കം നിലനിൽക്കുന്നതിനെ തുടർന്ന് ഈ പണി അതു പോലെ നിലനിർത്തി കൊണ്ട് ക്ലോസ് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. കോന്നി, പന്തളം, കൊട്ടാരക്കര, റാന്നി, ചെങ്ങന്നൂർ, കടുത്തുരുത്തി, വാമനപുരം എന്നീ പ്രോജക്ടുകളുടെ വിവരം നൽകുന്നതാണ്.

3.5.2.5 **അവസാനിച്ച പദ്ധതികളിലെ സഹായ തുക വിതരണം ചെയ്തതിലെ കുറവ്**

പരിശോധിച്ച 15-ൽ 9 ബ്ളോക്കു പഞ്ചായത്തുകൾക്ക് അവസാനിപ്പിച്ച III മുതൽ V വരെ ട്രാൻചെകളിലെ 13 പദ്ധതികൾക്കായി ചെലവാക്കിയ 3.83 കോടി രൂപയിൽ 3.35 കോടി രൂപ കൈമാറാനുണ്ടായിരുന്നു. ഇതിൽ 2.51 കോടി രൂപ നബാർഡ് സർക്കാരിനു കൈമാറിയതിൽ സർക്കാർ 2.31 കോടി രൂപ മാത്രമേ ബ്ളോക്ക് പഞ്ചായത്തുകൾക്ക് നൽകിയുള്ളൂ. കുറവായ 0.20 കോടി രൂപയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ബ്ളോക്ക് പഞ്ചായത്ത് | ട്രാൻചെ നമ്പർ | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ എണ്ണം | നബാർഡ് അംഗീകരിച്ച ചെലവ് | മൊത്തം ചെലവ് (പ്രവൃത്തി ഫയലിൽ നിന്നും ചെലവാക്കിയത്) | ബ്ളോക്ക് പഞ്ചായത്തുകൾക്ക് അവയുടെ വിഹിതം കഴിച്ച് തിരികെ | നബാർഡ് സർക്കാരിന് നൽകിയ ? തുക | സർക്കാർ ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയ തുക | നബാർഡിൽ നിന്നും ബാക്കി ലഭിക്കാനുള്ള തുക | സർക്കാർ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ബാക്കി നൽകാനുള്ള തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | വെട്ടിക്കവല | III | 2 | 43.80 | 44.10 | 39.50 | 24.99 | 23.25 | 14.51 | 1.74 |
| 2 | പറക്കോട് | III | 1 | 30.45 | 32.65 | 27.40 | 26.88 | 26.87 | 0.52 | 0.01 |
| | | V | 3 | 56.60 | 42.77 | 38.49 | 34.46 | 33.51 | 4.03 | 0.95 |
| 3 | പന്തളം | V | 1 | 50.00 | 49.49 | 44.54 | 42.97 | 42.97 | 1.57 | (-)0.01 |
| 4 | റാന്നി | III | 1 | 51.78 | 46.84 | 42.16 | 22.73 | 22.73 | 19.43 | 0 |
| 5 | ചെങ്ങന്നൂർ | IV | 1 | 38.48 | 29.84 | 26.86 | 27.07 | 9.85 | (-)0.21 | 17.22 |
| 6 | കടുത്തുരുത്തി | IV | 1 | 46.34 | 45.77 | 41.19 | 38.69 | 38.69 | 2.50 | 0 |
| 7 | വാമനപുരം | III | 1 | 46.80 | 53.31 | 42.12 | 8.36 | 8.36 | 33.76 | 0 |

**വെട്ടിക്കവല ബ്ളോക്ക് പഞ്ചായത്ത്**

ബ്ളോക്ക് പഞ്ചായത്തിന് നബാർഡിൽ നിന്നും റീ - ഇംബേഴ്സ്മെന്റായി താഴെപറയും പ്രകാരം തുകകൾ ലഭ്യമായിട്ടുണ്ട്.

*1. വെണ്ടാർ മുഴിക്കോട് റോഡ് നിർമ്മാണം (RIDF - III)*

റീ ഇംബേഴ്സ്മെന്റായി ലഭിച്ച ആകെ തുക - 14,61,805

*2. കൽച്ചിറാൽ ഇന്ത്യൻ ബാങ്ക് ജം. - തുരുത്തിയിൽ ജം. റോഡ് നിർമ്മാണം (RIDF - III)*

റീ ഇംബേഴ്സ്മെന്റായി ആകെ ലഭിച്ച തുക - 8,11,000/- രൂപ

*3. ചച്ചൂർ കോളനി ജം. തലച്ചിറ ജം. റോഡ് നിർമ്മാണം (RIDF - IX)*

റീ ഇംബേഴ്സ്മെന്റായി ആകെ ലഭിച്ച തുക - 8,96,000/- രൂപ

**പറക്കോട് ബ്ളോക്ക് പഞ്ചായത്ത്**

ബാക്കി നൽകുവാനുള്ള തുക സംബന്ധിച്ച് പറക്കോട് ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൽ നിലവിൽ ഇപ്പോൾ ബാധ്യതകൾ ഒന്നും തന്നെ കാണുന്നില്ല.

**വെട്ടിക്കവല ബ്ളോക്ക് പഞ്ചായത്ത്**

ബ്ളോക്ക് പഞ്ചായത്തിന് നബാർഡിൽ നിന്നും റീ-ഇംബേഴ്സ്മെന്റായി താഴെപറയും പ്രകാരം തുകകൾ ലഭ്യമായിട്ടുണ്ട്.

1. വെണ്ടാർ മുഴിക്കോട് റോഡ് നിർമ്മാണം (RIDF - III) റീഇംബേഴ്സ്മെന്റായി ലഭിച്ച ആകെ തുക - 14,61,805
2. കൽച്ചിറാൽ ഇന്ത്യൻ ബാങ്ക് ജം.-തുരുത്തിയിൽ ജം. റോഡ് നിർമ്മാണം (RIDF - III) റീഇംബേഴ്സ്മെന്റായി ആകെ ലഭിച്ച തുക -8,11,000/- രൂപ
3. ചച്ചൂർ കോളനി ജം.തലച്ചിറ ജം.റോഡ് നിർമ്മാണം (RIDF - IX) റീ ഇംബേഴ്സ്മെന്റായി ആകെ ലഭിച്ച തുക - 8,96,000/- രൂപ
4. പാലമുക്ക് ഇരട്ട റോഡ് - ഞാറക്കാട് ആറ്റുവാശ്ശേരി റോഡ് നിർമ്മാണം (RIDF - IX) റീ ഇംബേഴ്സ്മെന്റായി ലഭിച്ച തുക -25,57,000/-

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 8 | കുളനട | III | 1 | 21.00 | 17.90 | 16.11 | 11.74 | 11.97 | 4.37 | (-)0.23 |
| 9 | അഞ്ചൽ | III | 1 | 16.50 | 18.50 | 16.66 | 13.45 | 13.27 | 3.20 | - 0.18 |
| | ആകെ | | 13 | 403.84 | 383.17 | 335.02 | 251.34 | 231.48 | 83.68 | 19.86 |

മറ്റ് പ്രോജക്ടുകളുടെ വിവരങ്ങൾ സമാഹരിച്ച് നൽകുന്നതാണ്.

| | | |
|---|---|---|
| 3.5.2.6 | ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധിയിലെ പ്രവൃത്തികൾക്കായി പദ്ധതി വിഹിതം വകമാറ്റിചെലവഴിച്ചത്<br>അടിസ്ഥാന സൗകര്യ വികസന നിധിയിലെ പ്രവൃത്തികൾക്കായി ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം മാത്രമേ പദ്ധതി/വികസന ഫണ്ടിൽനിന്നും ആദ്യം ഉപയോഗിക്കാവൂ. എന്നാൽ പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകൾ, 1997-98 മുതൽ 2006-07 വരെയുള്ള കാലയളവിൽ ഏറ്റെടുത്ത 110 പ്രവൃത്തികൾക്കായി 20.86 കോടി രൂപ ചെലവാക്കി. ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും ലഭിച്ച മുൻകൂർ തുക 1.77 കോടി രൂപ മാത്രമായിരുന്നു. അങ്ങനെ തങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 19.09 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മേൽപ്പറഞ്ഞ ജോലികൾക്ക് കരാറുകാർക്ക് നൽകുവാൻ വകമാറ്റി ചെലവഴിക്കേണ്ടി വന്നു. ഇതിൽ 12.85 കോടി രൂപ പിന്നീട് തിരികെ കിട്ടി. ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ജോലികളുടെ നടത്തിപ്പിനെ ഈ വകമാറ്റൽ പ്രതികൂലമായി ബാധിച്ചു. | <u>പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്</u><br>നബാർഡ് പ്രവൃത്തികൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും കോൺട്രാക്ടർമാർക്ക് അധികമായി നൽകിയതിനത്തിൽ നബാർഡിൽ നിന്നും തുക ഒന്നും തന്നെ ഈ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ഈ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത വാർഷിക പദ്ധതികളുടെ പൂർത്തീകരണത്തിന് ഇത്തരത്തിലുള്ള ചെലവഴിക്കൽ പ്രതികൂലമായി ബാധിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്യുന്നു.<br><u>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്</u><br>1997-98 മുതൽ 2006-07 കാലയളവിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ നബാർഡ് പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. താഴെച്ചേർക്കുന്ന പ്രവൃത്തികൾക്ക് ചെലവായ 36.18 ലക്ഷം രൂപ നബാർഡിൽ നിന്നും അനുവദിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറികിട്ടിയിട്ടില്ല. വകമാറ്റൽ മൂലം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടില്ല. |

| ക്രമ.ന ം | പ്രവൃത്തിയുടെ പേര് | ക്ലെയിം സമർപ്പി ച്ച തീയ തി. | തുക | നബാർഡിൽ നിന്നും അനുവ ദിച്ച തുക | കുറവ് |
|---|---|---|---|---|---|
| IX | വെട്ടുവഴി ഒര നാട് പാട്ടു പുര യ്ക്കൽ റോഡ് | 4.1.2006 | 13.79 | 13.79 | 13.79 |
| IX | പാങ്ങലുകാട് മാങ്കോട് റോഡ് | 4.1.2006 | 13.21 | 14.05 | 14.05 |
| X | കുരീക്കാട് ചെറു വള്ളൂർ ഉമ്മന്നൂർ റോഡ് | 17.10.06 | 3.72 | 3.72 | 3.72 |
| X | കൈതോട് മണ ലയം റോഡ് | 17.10.06 | 4.62 | 4.62 | 4.62 |
| | ആകെ | | | | 36.18 |

<u>വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്</u>

വകമാറ്റൽ വാർഷിക പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

<u>പറക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>

ഫണ്ട് ഡൈവർട്ട് ചെയ്ത് ആർ.ഐ.ഡി.എഫ് പദ്ധതികളുടെ റീ-ഇംബേഴ്സ്മെന്റ് തുക വിതരണം ചെയ്തത് ആർ.ഐ.ഡി.എഫ് ഫണ്ടിന്റെ പണം ലഭിക്കുമ്പോൾ പ്ലാൻ ഫണ്ടിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ നടപ്പിലാക്കാം എന്ന ഉദ്ദേശ്യത്തോടെയാണ്.

നബാർഡ് പദ്ധതികൾക്ക് വികസനഫണ്ടിൽ നിന്ന് തുക ചിലവഴിക്കേണ്ടപ്പോൾ, ആയത് അടിസ്ഥാന സൗകര്യങ്ങൾക്കായി പ്രസ്തുത പദ്ധതിയിൽ നീക്കിവെച്ചിട്ടുള്ള തുകയിൽ നിറുത്തിമാത്രമേ നൽകുവാൻ പാടുള്ളു എന്ന നിർദ്ദേശം സർക്കാർ തുടർന്ന് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി

| | | |
|---|---|---|
| | | ബാധിക്കുന്ന സ്ഥിതിയില്ല. |
| 3:5:3:1 | **പൂർത്തിയാക്കാത്ത പ്രവൃത്തികൾ**<br>പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ 1997-98 മുതൽ 2005-06 വരെയുള്ള കാലയളവിൽ ഏറ്റെടുത്ത 10 പ്രവൃത്തികളിൽ 58 എണ്ണം മാത്രമേ (62.39 ശതമാനം) പൂർത്തിയാക്കിയുള്ളൂ. പൂർത്തിയാക്കാത്ത 41 പ്രവൃത്തികൾക്കായി 3.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (അനുബന്ധം XI കാണുക) 3.5.3.2., 3.5.3.3. എന്നി ഖണ്ഡികകളിൽ സൂചിപ്പിക്കുന്ന പ്രകാരം, പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഈ തുക നബാർഡിൽ നിന്നും തിരികെ വാങ്ങാൻ കഴിഞ്ഞില്ല.<br><br>സംസ്ഥാനതലത്തിൽ, ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത 617 പ്രവൃത്തികളിൽ 369 എണ്ണം മാത്രമേ പൂർത്തിയാക്കിയുള്ളൂ. ബാക്കിയുള്ള 248 എണ്ണത്തിൽ 68 പ്രവൃത്തികൾ ആരംഭിച്ചതേയില്ല. 180 എണ്ണമാകട്ടെ അപൂർണ്ണമായി തുടരുന്നു. (ഖണ്ഡിക 3.5.2.2. കാണുക) ഭൗതിക ലക്ഷ്യം 60 ശതമാനത്തിൽ കുറച്ചു മാത്രമേ കൈവരിക്കാനായുള്ളൂ. | **വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്**<br>വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ നബാർഡ് ആർ.ഐ.ഡി.എഫ് 9 മുഖേന ഏറ്റെടുത്ത 2 പ്രവൃത്തികളിൽ 62.18 ലക്ഷം രൂപ അടങ്കലുള്ള പാലമുക്ക് ഇടതു റോഡ് തോട്ടുവ് ആറ്റുവാശ്ശേരി റോഡ് എന്ന പ്രവൃത്തി ആഡിറ്റ് കാലയളവിൽ പൂർത്തീകരിച്ചിരുന്നില്ല. എന്നാൽ ടി പ്രവൃത്തി തുടർന്ന് തൃപ്തികരമായി പൂർത്തീകരിക്കുകയും ഫൈനൽ ബിൽ പേയ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്.<br>നബാർഡ് RIDF ട്രാൻചെ XIII ൽ ഉൾപ്പെട്ട രണ്ടു പ്രവൃത്തികളടക്കം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ എല്ലാ ആർ.ഐ.ഡി.എഫ് പ്രവൃത്തികളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>**ഇളവൂർ ബ്ലോക്ക് പഞ്ചായത്ത്**<br>ഇളവൂർ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ആർ.ഐ.ഡി.എഫ് III മുതൽ XI വരെയുള്ള സ്കീമുകളിൽ അനുവദിച്ച മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>**ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്**<br>2009-10 വർഷത്തിൽ അനുവദിക്കപ്പെട്ടിരുന്ന പ്രവൃത്തികളിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന ആർ.ഐ.ഡി.എഫ് XI ഇളവൂർ മുക്കാവല റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ആർ.ഐ.ഡി.എഫ് XI ലെ മറ്റ് മൂന്ന് പ്രവൃത്തികളും ആർ.ഐ.ഡി.എഫ് X ലെ ഒരു പ്രവൃത്തിയും 2007-08 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടെയും റീഇംബേഴ്സ്മെന്റ് തുക ബ്ലോക്കിന് ലഭിച്ചിട്ടുണ്ട്. ഇളവൂർ മുക്കാവല റോഡ് പുനരുദ്ധാരണം ഒഴികെയുള്ള മറ്റെല്ലാ പ്രവൃത്തികൾക്കും പേയ്മെന്റ് നൽകിയിട്ടുണ്ട്.<br>**പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്**<br>നബാർഡ് പദ്ധതി പ്രകാരം ഈ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി പൂർത്തിയാക്കാതെ അവശേഷിക്കുന്ന പ്രവൃത്തികളിലുള്ള ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.<br>നബാർഡ് ആർ.ഐ.ഡി.എഫ് VIII മതിൽമുക്ക് ഇരവിക്കോട് റോഡ് മെറ്റലിംഗും ടാറിംഗും<br>ടി പ്രവൃത്തിയുടെ കോൺട്രാക്ടർ പ്രവൃത്തി അപൂർണ്ണമായി ഉപേക്ഷിച്ചു പണി പൂർത്തീകരിക്കാൻ കോൺട്രാക്ടർ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് സർക്കാരിലുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയും ടി തുക കോൺട്രാക്ടറിൽ |

നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം 2335286 രൂപ ഈടാക്കുന്നതിനുള്ള നടപടികൾ ഈ ആഫീസിൽ നിന്നും കൈക്കൊണ്ടിട്ടുണ്ട് എന്ന വിവരം റിപ്പോരട്ട് ചെയ്യുന്നു. റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതിനുള്ള പ്രൊപ്പോസൽ 20.12.2011 ൽ ഈ ആഫീസിൽ നിന്നും ജില്ലാ കളക്ടർ നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ് പല്ലാഴി പനയനം റോഡ് പട്ടാഴി ഗ്രാമ പഞ്ചായത്ത്

ഈ പ്രവൃത്തിയും കോൺട്രാക്ടർ പൂർത്തീകരിക്കാതെ ഉപേക്ഷിച്ചാവസ്ഥയിലാണ്. ഈ പ്രവൃത്തിയിലൂടെ സർക്കാരിനുണ്ടായ നഷ്ടം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാൻ ഈ ആഫീസിൽ നിന്നും നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന വിവരംറിപ്പോർട്ട് ചെയ്യുന്നു. റവന്യൂ റിക്കവറി നടപടികളിലൂടെ 2676658/- രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതിനുള്ള പ്രൊപ്പോസൽ 22.06.2011 ൽ ഈ ആഫീസിൽ നിന്നും കൊല്ലം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>വാമനപുരം ബ്ലോക്ക് പഞ്ചായത്ത്</u>

വാമനപുരം ബ്ളോക്ക് പഞ്ചായത്തിൽ നബാർഡ് ആർ ഐ.ഡി.എഫ്-X പ്രകാരം ഏറ്റെടുത്തിരുന്ന പാലുവള്ളി കടുമാംകുഴി വണ്ടിത്തടം റോഡ് പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

60 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പ്രവർത്തിയുടെ കരാറുകാരൻ 27% ബിലോ റേറ്റിൽ ടെൻഡർ നടപടിയിലൂടെ കരാർ വയ്ക്കുകയും പണി ആരംഭിക്കുകയും ചെയ്തു.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം പണി നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പണി നടത്തിയ അതേ സ്റ്റേജിൽ ക്ളോസ് ചെയ്യുവാനുള്ള അനുവാദം ലഭിക്കുവാൻ അപേക്ഷ നൽകിയിട്ടുള്ളതാണ്.

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 1:8 എന്ന ഗ്രേഡിയന്റ് പ്രൊപ്പോസ് ചെയ്തിരുന്നുവെങ്കിലും ഇനിഷ്യൽ ലെവൽസ് പരിശോധിച്ച് എൽ.എസ്.ജി.ഡി സൂപ്രണ്ടിംഗ് ഇഞ്ചിനീയർ 1:12.5 എന്ന ഗ്രേഡിയന്റ് പാലിക്കണമെന്ന് നിർദ്ദേശിക്കുകയു

ണ്ടായി. അപ്രകാരം കട്ടിംഗ് ക്വാണ്ടിറ്റിയും, ഫില്ലിംഗ് ക്വാണ്ടിറ്റിയും കാര്യമായി വ്യതിചലിച്ചു.

കട്ടിംഗ് ക്വാണ്ടിറ്റി

ഒറിജിനൽ എസ്റ്റിമേറ്റ് - 12700 m3

സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിച്ച്- 33127 m3

ഫില്ലിംഗ് ക്വാണ്ടിറ്റി

ഒറിജിനൽ എസ്റ്റിമേറ്റ്- 7900 m3

സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിച്ചത് - 20841 m3

സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീരിച്ച പ്രകാരം പണി നടത്തുമ്പോൾ 23.16 ലക്ഷം രൂപ അധികമായി വേണ്ടി വരുന്നതാണ്.

നാളിതുവരെ റോഡ് ഫോർമേഷനും പ്രൊട്ടക്ടീവ് വർക്കുകളും ഭാഗികമായി ചെയ്യുകയും രണ്ട് സി.ഡി. വർക്കുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

13.31 ലക്ഷം രൂപയുടെ പാർട്ട് ബില്ല് തയ്യാറാക്കി സമർപ്പിച്ച പ്രകാരം റീ ഇമ്പേഴ്സ്മെന്റായി ലഭിച്ച 7.24 ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

കരാർ ഉറപ്പിച്ച ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

ശ്രീ. കെ. ഗോപാലൻ

ശ്രീലക്ഷ്മി

ജി.ആർ.എ- ആർ. 161

എല്ലയൂർക്കോണം ലൈൻ

കുരുവിയോട്, വട്ടിയൂർക്കാവ്. പി.ഒ

## പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

മൊത്തം ആറു പ്രവൃത്തികൾ അനുവദിച്ചതിൽ അഞ്ചു പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ആറാം ട്രാഞ്ചെയിൽ അനുവദിച്ച പുത്തൻ കളീക്കൽ അശരിമുക്കു - മേടയിൽ

മുക്ക് എന്ന റോഡിന്റെ പണി നാട്ടുകാരുടെ എതിർപ്പു മൂലം കേസായി കിടക്കുകയാണ്. ടി വർക്ക് പിന്നീട് ഉപേക്ഷിക്കുകയും ചെയ്തു. സ്റ്റാർട്ട് അഡ്വാൻസ് ആയി ലഭിച്ച 2.46 ലക്ഷം രൂപ സിങ്കുർഡി യിൽ തിരിച്ചടച്ചിട്ടുള്ളതുമാകുന്നു.

ഈ ഖണ്ഡികയ്ക്ക് കോന്നി, പന്തളം, കൊട്ടാരക്കര, റാന്നി, ചെങ്ങന്നൂർ, കടുത്തുരുത്തി, അഞ്ചൽ എന്നി ബ്ലോക്ക് പഞ്ചായത്തുകളുടെ റിപ്പോർട്ട് ലഭ്യമാകുന്നതാണ്

3.5.3.2 **സ്ഥലത്തിന്റെ ദൗർലഭ്യം**

പാതയുടെ നിർദ്ദിഷ്ട നീളം മുഴുവൻ എട്ടുമീറ്റർ വീതിയിൽ സ്ഥലം ലഭ്യമാണെങ്കിൽ മാത്രമേ അടിസ്ഥാന സൗകര്യ വികസന നിധിയിലെ റോഡ് പണി ഏറ്റെടുക്കാവൂ. 2002-03-ൽ ഏറ്റെടുത്ത രണ്ടു പ്രവൃത്തികൾ സ്ഥല ദൗർലഭ്യം മൂലം ഉപേക്ഷിക്കേണ്ടിവന്നു.

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | പാതയുടെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|---|---|
| 1 | കുളനട | തുണ്ടകടവ് തുണ്ടപ്ളാവ് റോഡ് | 26.00 | 14.31 | വസ്തുവിട്ടുകൊടുക്കാൻ ഉടമ വിസമ്മതിച്ചു. |
| 2 | കോന്നി | ചെമ്പിക്കുന്നു തട്ടക്കുന്നു-എലക്കാറ റോഡ് | 33.75 | 24.33 | സ്ഥല ദൗർലഭ്യം |
| | ആകെ | | 59.75 | 38.64 | |

നിർദ്ദിഷ്ട വീതിയിലുള്ള സ്ഥലത്തിന്റെ ലഭ്യത ഉറപ്പാക്കാതെ റോഡു പണി ഏറ്റെടുത്തത് മൂലം 38.64 ലക്ഷം രൂപ വ്യർത്ഥമായ ചെലവുണ്ടാക്കി.

**കോന്നി ബ്ലോക്ക് പഞ്ചായത്ത്**

2002-2003 വർഷം കോന്നി ബ്ലോക്ക് പഞ്ചായത്ത് നബാർഡ്, ആർ.ഐ.ഡി.എഫ് 7 പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള ചെമ്പിക്കുന്ന് - തട്ടക്കുന്ന് ഇളക്കുപാറ റോഡിന് 33.75 ലക്ഷം രൂപ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതിന്പ്രകാരം പ്രസ്തുത റോഡിന്റെ പൂർത്തീകരണത്തിന് റോഡിന്റെ ചില ഭാഗങ്ങളിൽ 8 മീറ്റർ വീതി ഇല്ലാത്ത അവസ്ഥയിൽ ടി വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ജില്ലാകളക്ടർ മുമ്പാകെ നിവേദനം സമർപ്പിക്കുകയും തുടർന്ന് നബാർഡ് ആർ.ഐ.ഡി.എഫ് ജില്ലാതല അവലോകനയോഗത്തിൽ ചർച്ച ചെയ്യുകയും റോഡ ഗതാഗത യോഗ്യമാക്കുന്നതിന് നിലവിൽ ലഭ്യമായിട്ടുള്ള വീതിയിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റോഡ് പണി പൂർത്തീകരിച്ചിട്ടുള്ളതും റോഡ് നിലവിൽ ഗതാഗത യോഗ്യവുമാണ്.

**കുളനട ബ്ലോക്ക് പഞ്ചായത്ത്**

റോഡിന്റെ പണിക്ക് 26 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിൽ റോഡിന് വേണ്ടി സൗജന്യമായി സ്ഥലം വിടാൻ ഉപഭോക്താക്കൾ തയ്യാറായിരുന്നു. എന്നാൽ റോഡിന്റെ അവസാന ഭാഗത്തെ പണി നടക്കുവാനിരിക്കെ ടി സ്ഥലം വേറൊരു വ്യക്തിക്ക് കൈമാറിയിരുന്നു. എന്നാൽ പുതിയ അവകാശി റോഡി സ്ഥലം വിട്ടുകൊടുക്കുവാൻ തയ്യാറായിരുന്നില്ല. ടിയാളുടെ ഉടമസ്ഥയിലുള്ള സ്ഥലത്ത് റോഡ് പണി ചെയ്യുന്നതിനെ എതിർത്തുകൊണ്ട് ബഹു. കോടതിയിൽ ഫയൽ ചെയ്തതിനെ തുടർന്ന് റോഡ് പണി അതേപടി നിർത്തിവയ്ക്കുവാൻ ബ്ലോക്ക്

പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തു. ടി ആവശ്യം ഉന്നയിച്ചു കൊണ്ട് കമ്മീഷണർക്ക് പ്രൊപ്പോസൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

3.5.3.3 **കരാറുകാരിൽ നിന്നും പ്രവൃത്തി നിർവ്വഹണ ജാമ്യം വാങ്ങാതിരിക്കൽ**

കരാറുകാരൻ സമ്മതിച്ച നിരക്കുകൾ അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിൽ കുറവാണെങ്കിൽ കരാറുകാരൻ നിർവ്വഹണ ജാമ്യത്തുക അടയ്ക്കേണ്ടതാണ് എന്ന് 1997 ആഗസ്റ്റിൽ സർക്കാർ തീരുമാനിച്ചു. ഇത് കരാറിന്റെ പ്രതീക്ഷിത അടങ്കൽതുകയും സമ്മതിച്ച തുകയും തമ്മിലുള്ള വ്യത്യാസത്തിനു തുല്യമായിരിക്കണം. പക്ഷെ താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികളിൽ സമ്മതിച്ച നിരക്ക് അടങ്കൽ നിരക്കിനേക്കാൾ 25 ശതമാനം കുറവായിരുന്നിട്ടും കരാറുകാരിൽ നിന്നുംനിർവ്വഹണജാമ്യം വാങ്ങിയിരുന്നില്ല എന്നതിനു പുറമേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമില്ല.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | ബ്ലോക്ക് പഞ്ചായത്ത് | അടങ്കൽതുക (ലക്ഷം രൂപയിൽ) | സമ്മതിച്ച നിരക്ക് | ചെലവാക്കിയ തുക (ലക്ഷം) | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | അറുവാച്ചൻകുഴി-ഇടക്കടത്തി റോഡ് | റാന്നി | 64.54 | 25 ശതമാനം കുറച്ച് | 30.42 | 2007 സെപ്റ്റംബറിൽ പ്രവൃത്തി അവസാനിപ്പിച്ചു. |
| 2 | ഇലവുംവഞ്ചുവം റോഡ് | വാമനപുരം | 45.05 | 27.61% ശതമാനം കുറച്ച് | 27.81 | 2003 ജനുവരി ഒന്ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. |
| 3 | പാലുവള്ളി-കടുമാൻകുഴി വണ്ടിത്തടം റോഡ് | വാമനപുരം | 60.00 | 27 ശതമാനം കുറവ് | ഇല്ല | 2006 നവംബർ 29ന് പൂർത്തിയാക്കേണ്ട പ്രവൃത്തി 6/07ൽ മാത്രമേ ആരംഭിച്ചുള്ളൂ. |

**റാന്നി ബ്ലോക്ക് പഞ്ചായത്ത്**

നബാർഡ് ആർ.ഐ.ഡി.എഫ് VII ൽ ഉൾപ്പെടുത്തി പണി ആരംഭിച്ച അറുവാച്ചാൻകുഴി-ഇടകടത്തി-കുരുമ്പൻമൂഴി റോഡ് പണിയുടെ ഫയൽ പരിശോധിച്ചതിൽ 28.09.02ൽ നടത്തിയ ടെണ്ടർ നടപടികളിൽ പങ്കെടുത്ത് 25% കുറഞ്ഞ തുകയ്ക്ക് ടെണ്ടർ നൽകിയ ശ്രീമതി. ബിജുമോൻ റഷീദ്, കാരക്കൽകിഴക്കേതിൽ പറക്കോട് എന്നയാളുടെ ടെണ്ടർ ആണ് അംഗീകരിക്കപ്പെട്ടത്. ജി.ഒ(പി) നം. 84/97 PWDT, തീയതി 19.08.97 പ്രകാരം, കരാറുകാരനിൽ നിന്നും പെർഫോമൻസ് ഗ്യാരണ്ടി വാങ്ങേണ്ടതുണ്ടോ എന്ന കാര്യം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 16.10.12ൽ ഡി.ആർ.ഡി.എ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുകയും, പെർഫോമൻസ് ഗ്യാരണ്ടി ബാധകമല്ലായെന്ന് അന്നത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ 21.10.02ൽ രേഖാമൂലം മറുപടി നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലായിരിക്കാം പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കാത്തതെന്ന് മനസ്സിലാക്കുന്നു

പണി യഥാസമയം പൂർത്തിയാക്കാൻ കോൺട്രാക്ടർ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പല പ്രാവശ്യം ഇടപെടുകയും, കോൺട്രാക്ടർക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

രണ്ട് ഘട്ടമായി (07.04.2003ൽ 519637 രൂപയും 09.10.06ൽ 356507 രൂപയും) കോൺട്രാക്ടർക്ക് 876144 രൂപ നൽകിയിട്ടുണ്ട്. ബ്ലോക്കിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ ബിൽ പ്രകാരം 1390184 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

പല പ്രാവശ്യം പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കോൺട്രാക്ട് റദ്ദ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും, തുടർന്ന് കോൺട്രാക്ടർ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിലും, ബഹുമാനപ്പെട്ട എൽ.എസ്.ജി.ഡി ട്രിബ്യൂണൽ മുമ്പാകെയും ഹർജികൾ നൽകുകയുണ്ടായി. ടി കോടതികളുടെ ഉത്തരവുകളെ തുടർന്നു 2010 ൽ ഒ.എസ്.നം. 49 ആയി പത്തനംതിട്ട സബ് കോടതിയിൽ ഫയൽ ചെയ്ത കേസ് നടന്നു വരികയാണ്.

<u>വാമനപുരം ബ്ലോക്ക് പഞ്ചായത്ത്</u>

വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്- X പ്രകാരം ഏറ്റെടുത്തിരുന്ന പാലുവള്ളി കടുമാംകുഴി വഞ്ചിയൂടം റോഡ് പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം പണി നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പണി നടത്തിയ അതേ സ്റ്റേജിൽ ക്ലോസ് ചെയ്യുവാനുള്ള അനുവാദം ലഭിക്കുവാൻ അപേക്ഷ നൽകിയിട്ടുള്ളതാണ്.

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 1:8 എന്ന ഗ്രേഡിയന്റ് പ്രൊപ്പോസ് ചെയ്തിരുന്നുവെങ്കിലും ഇനിഷ്യൽ ലെവൽസ് പരിശോധിച്ച് എൽ.എസ്.ജി.ഡി സൂപ്രണ്ടിംഗ് എഞ്ചിനീയർ 1:12.5 എന്ന ഗ്രേഡിയന്റ് പാലിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം കട്ടിംഗ് ക്വാണ്ടിറ്റിയും, ഫില്ലിംഗ് ക്വാണ്ടിറ്റിയും കാര്യമായി വ്യതിചലിച്ചു.

കട്ടിംഗ് ക്വാണ്ടിറ്റി

ഒറിജിനൽ എസ്റ്റിമേറ്റ് -12700 m3

സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിച്ച്- 33127 m3

ഫില്ലിംഗ് ക്വാണ്ടിറ്റി

ഒറിജിനൽ എസ്റ്റിമേറ്റ്- 7900 m3

| | | |
|---|---|---|
| | | സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിച്ചത് - 2084 m3<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിച്ച പ്രകാരം പണി നടത്തുമ്പോൾ 23.16 ലക്ഷം രൂപ അധികമായി വേണ്ടി വരുന്നതാണ്.<br>നാളിതുവരെ റോഡ് ഫോർമേഷനും പ്രൊട്ടക്ടീവ് വർക്കുകയും ഭാഗികമായി ചെയ്യുകയും രണ്ട് സി.ഡി വർക്കുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>13.31 ലക്ഷം രൂപയുടെ പാർട്ട് ബില്ല് തയ്യാറാക്കി സമർപ്പിച്ച പ്രകാരം റീ ഇമ്പേഴ്സ്മെന്റായി ലഭിച്ച 7.24 ലക്ഷം രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.<br>കരാർ ഉറപ്പിച്ച ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.<br>ശ്രീ. കെ. ഗോപാലൻ<br>ശ്രീലക്ഷ്മി<br>ജി.ആർ.എ-ആർ. 161<br>എല്ലയൂർക്കോണം ലൈൻ<br>കുരുവിയോട്, വട്ടിയൂർക്കാവ്. പി.ഒ |
| 3.5.3.4 | **മുൻകൂർ തുക വാങ്ങിയതിനുശേഷം പ്രവൃത്തി ഉപേക്ഷിക്കൽ**<br>ചെങ്ങന്നൂർ ബ്ളോക്ക് പഞ്ചായത്തിലെ വെൺമണിയിൽ ഉളിയന്തറ-ആലക്കോട് പാതയുടെ നിർമ്മാണത്തിനുള്ള ഒരു പദ്ധതി നബാർഡ് 2001-02ലെ ട്രാർഷേ VII-ൽ ഉൾപ്പെടുത്തി അംഗീകരിച്ചു. പദ്ധതിയുടെ അടങ്കൽത്തുക 60 ലക്ഷം രൂപ ആയിരുന്നു. നബാർഡ് അനുവദിച്ച പ്രാരംഭ മുൻകൂറായ 10.80 ലക്ഷം രൂപ 2003 മാർച്ച് 29ന് ബ്ളോക്ക് പഞ്ചായത്തിനു കൈമാറി. അവർ 2003 മാർച്ച് 31ന് തുക പേഴ്സണൽ ഡെപ്പോസിറ്റ് അക്കൗണ്ടിൽ വരുവച്ചെങ്കിലും 5 വർഷത്തോളം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല. പ്രാരംഭ മുൻകൂർ തുക വാങ്ങിയിട്ടും പ്രവൃത്തി തുടങ്ങാത്തതിനെതിരെയോ, മുൻകൂർ തുക തിരിച്ചുപിടിക്കുന്നതിനുവേണ്ടിയോ യാതൊരു നടപടിയും ബ്ളോക്ക് പഞ്ചായത്തിനെ | **ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**<br>നബാർഡ് VII ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച ഉളിയന്തറ ആലക്കോട് പാതയുടെ നിർമ്മാണത്തിന് സ്റ്റാർട്ട് അപ് അഡ്വാൻസായി 10.80 ലക്ഷം രൂപ അനുവദിച്ചെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം 31.03.03 ൽ ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ചപ്പോൾ ഉണ്ടായിരുന്ന തുകയിൽ ടി തുകയും ഉൾപ്പെട്ടിരുന്നു. ആയതിനാൽ ടി തുക ബ്ളോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലില്ല. 27.09.07 ലെ 1 (4) -ാം നമ്പർ തീരുമാന പ്രകാരം ടി വർക്ക് റദ്ദ് ചെയ്യാൻ ചെങ്ങന്നൂർ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. ടി കമ്മിറ്റി തീരുമാനം യഥാസമയം പ്രോജക്ട് ഡയറക്ടറെയും ഗ്രാമവികസന കമ്മീഷണറെയും അറിയിച്ചിട്ടുണ്ട്. |

തിരെ സ്വീകരിച്ചില്ല.

3.5.3.5 **ടാറിന്റെ വില വ്യത്യാസമായി അനധികൃതമായി പണം നൽകൽ**

2004 ഡിസംബർ 1 മുതൽ പ്രാബല്യത്തിലുള്ള പൊതുമരാമത്തു വകുപ്പിന്റെ റേറ്റുകളുടെ ഷെഡ്യൂൾ പ്രകാരം ടാറിന്റെ നിരക്ക് മെട്രിക് ടണ്ണിന് 7223 രൂപയായിരുന്നു. ഇക്കാലയളവിൽ എണ്ണക്കമ്പനികൾക്ക് നൽകേണ്ട യഥാർത്ഥവില മെട്രിക് ടണ്ണിന് 13500 രൂപ ആയിരുന്നു. പട്ടികയിൽ പറയുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലാണ് അടങ്കൽ തുക നിശ്ചയിച്ചതെന്നതിനാൽ ടാറിന്റെ വിലയിലെ വ്യത്യാസം കരാറുകാരൻ സ്വയം വഹിക്കേണ്ടതായിരുന്നു. എന്നാൽ പരിശോധിച്ച 15-ൽ രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾ ട്രാൻഷേയിൽ 5.93 ലക്ഷം രൂപ ഈ ഇനത്തിൽ കരാറുകാർക്ക് നൽകി. VIII-ാം ട്രാൻഷേയിൽ ഉൾപ്പെടുത്തിയ മൂന്നു റോഡുകണികൾക്കായാണ് മേൽപറഞ്ഞ തുക നൽകിയത്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ബ്ലോക്ക് പഞ്ചായത്ത് | പ്രവൃത്തിയുടെ അടങ്കൽ തുക | കൊടുത്ത പണം | | | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|---|
| | | | | പ്രവൃത്തിയുടെ പേര് | ടാറിന്റെ വില വ്യത്യാസം | ആകെ | |
| 1 | ഉണക്കത്തോട്-ആനക്കുളം റോഡ് | അഞ്ചൽ | 31.17 | 30.37 | 0.90 | 31.27 | 2006 മാർച്ച് 30 |
| 2 | മണലിൽ എറച്ചിക്കൽ റോഡ് | അഞ്ചൽ | 61.13 | 61.13 | 2.09 | 63.22 | 2006 മാർച്ച് 30 |
| 3 | മാന്തുക-റീത്തുപള്ളി പുത്തൻകണം റോഡ് | ചെങ്ങന്നൂർ | 31.00 | 30.98 | 2.94 | 33.92 | 2006 ഏപ്രിൽ 7 |
| | ആകെ | | 123.30 | 122.48 | 5.93 | 128.41 | |

ഇങ്ങനെ 5.93 ലക്ഷം രൂപ കരാറുകാർക്ക് നൽകിയത് അനധികൃതമായിരുന്നു.

3.5.4.1 **വരവുകളും ചെലവുകളും കണക്കിൽപ്പെടാതിരിക്കൽ**

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളുടെയും കൃത്യമായ കണക്കുകൾ സൂക്ഷിക്കുവാൻ പഞ്ചായത്തുകൾ ബാധ്യസ്ഥരായിരുന്നു. എന്നാൽ താഴെപറയുന്ന ബ്ലോക്ക് പഞ്ചായത്തുകൾ അവയ്ക്കു ലഭിച്ച 86.34 ലക്ഷം രൂപയുടെയും അതിൽ നിന്നുള്ള ചെലവുകളുടെയും കണക്കുകൾ സൂക്ഷിച്ചില്ല.

**അഞ്ചൽ ബ്ലോക്ക്**

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് നബാർഡ് ആർ.ഐ.ഡി.എഫ്- VIII -ട്രാൻഷേയിൽ ഉൾപ്പെടുത്തിയിരുന്ന ഉണക്കത്തോട് ആനക്കുളം റോഡ്, മണലിൽ എറിച്ചിക്കൽ റോഡ് എന്നീ പ്രവൃത്തികൾക്ക് ടാർ വാങ്ങി നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.3.2006ലെ ഡി.ബി.4-2929/2006/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ടാറിന് മെട്രിക് ടണ്ണിന് 7223/-രൂപ ആണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ പൂർത്തീകരണ സമയത്ത് ടാറിന്റെ മാർക്കറ്റ് വില മെട്രിക് ടണ്ണിന് 13700/രൂപയായിരുന്നു. ഈ വില വ്യത്യാസം ഉള്ളതിനാൽ ടാറിന്റെ അധിക വില നൽകുകയോ-അതല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് ടാറ് നേരിട്ട് വാങ്ങികൊടുക്കുകയോ ചെയ്താൽ മാത്രമേ ടാറിംഗ് പണി പൂർത്തീകരിക്കാൻ കഴിയൂ എന്ന് കരാറുകാർ ബ്ലോക്ക് സമിതി മുമ്പാകെ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചന സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ബ്ലോക്ക് പഞ്ചായത്ത് ടാർ വാങ്ങി നൽകിയിട്ടുള്ളത്.

ടാർ വാങ്ങി നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകം പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.അംഗീകാരം വാങ്ങുകയും ചെയ്തിട്ടുള്ളതാണ്.

**ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

ആർ.ഐ.ഡി.എഫ് VIII -മാന്തുക റീത്ത്പള്ളി പുത്തൻകണം റോഡ് എന്ന പ്രവൃത്തിക്ക് ടാറിന്റെ വിലയായി 294205/- രൂപ നൽകുകയുണ്ടായി. പ്രസ്തുത 294205/- രൂപ CCIII rd & ഫൈനൽ ബിൽ പ്രകാരം 31.03.06ൽ കരാറുകാരിൽ നിന്നും തിരിച്ചു പിടിക്കുകയുണ്ടായി. ടാറിന്റെ പൂർണ്ണവില കരാറുകാരനിൽ നിന്നും ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്**

നബാർഡ് പ്രവർത്തികൾ സംബന്ധിച്ച വർക്ക് രജിസ്റ്റർ ബ്ലോക്കിൽ സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത രജിസ്റ്ററിൽ ഓരോ പ്രവർത്തികളുടെയും പാർട്ട് ബിൽ മുതൽ ഫൈനൽ ബില്

| ക്രമ.നം | ബ്ലോക്ക് പഞ്ചായത്ത് | ട്രാൻഷെ നമ്പർ | തുക |
|---|---|---|---|
| 1 | അഞ്ചൽ | III&IV | 63.87 |
| 2 | കൊട്ടാരക്കര | VIII | 24.02 |
| 3 | കിളിമാനൂർ | III | 6.47 |
| | ആകെ | | 94.36 |

കണക്കുകളുടെ അഭാവത്തിൽ ദുരുപയോഗത്തിന്റെ സാധ്യത തള്ളിക്കളയാനാവില്ല.

സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും എഴുതിസൂക്ഷിക്കാറുണ്ട്. പേയ്മെന്റ് സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ എണ്ണം സംബന്ധിച്ച വിവരങ്ങളും നൽകുന്നുണ്ട്. ഇതിൽ നിന്നും പ്ലാൻ ഫണ്ടിൽ നിന്നും ഓരോ പ്രവർത്തിക്കും അനുവദിച്ച തുക സംബന്ധിച്ച വിവരവും നബാർഡിൽ നിന്നും റീ-ഇമ്പേഴ്സ്മെന്റായി ലഭിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലാണ് സംബന്ധിച്ചും പേയ്മെന്റ് സംബന്ധിച്ചും എല്ലാവിധ രേഖപ്പെടുത്തലുകളും നടത്തിയിട്ടുള്ളതിനാൽ ദുരുപയോഗം ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

ഓഡിറ്റ് കാലയളവിൽ RIDF VIII കൊട്ടാരക്കര ബ്ലോക്കിന് അനുവദിച്ച 4 പ്രവർത്തികൾക്കായി സ്റ്റാർട്ട് അപ് അഡ്വാൻസായി 24.02 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തികൾ പ്രാരംഭ അവസ്ഥയിൽ ആയിരുന്നതിനാൽ സ്റ്റാർട്ട് അപ് അഡ്വാൻസ് തുക പ്രവർത്തികൾക്കായി ബ്ലോക്കിൽ നിന്നും അനുവദിച്ചിരുന്നില്ല. തന്മൂലം ബില്ലുകൾ ആഡിറ്റ് കാലയളവിൽ ഉണ്ടായിരുന്നില്ല. ഇക്കാരണത്താൽ അനുവദിച്ച 24.02 ലക്ഷം രൂപ നബാർഡിന്റെ വർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ടി വീഴ്ച സംഭവിച്ചതുമൂലമാണ് ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ആരോപണം ഉണ്ടായിട്ടുള്ളത്. മേലിൽ അഡ്വാൻസ് തുക അനുവദിക്കുമ്പോൾ വേണ്ട രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തുന്നതാണ്. മേൽ വിശദീകരണം പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്നപേക്ഷിക്കുന്നു.

## അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

*അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് III&IV ട്രാൻഷെ പ്രകാരം 63.87ലക്ഷം രൂപയുടെ വരവ് ചെലവുകൾ സൂക്ഷിച്ചിട്ടില്ലായെന്ന അക്കൗണ്ട് ജനറലിന്റെ ആഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് - III&IV ൽ ബ്ലോക്കിന് ലഭിച്ച 60.93 ലക്ഷം രൂപ ജനറൽ പി.ഡി.യിൽ നിന്നും പ്ലാൻ പി.ഡി.യിലും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും പ്ലാൻ പി.ഡി.യിൽ നിന്നും ആർ.ഐ.ഡി.എഫ് പ്രവൃത്തികൾക്ക് തുകകൾ നൽകിയിട്ടുള്ളതുമാണ്.*

## കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്

നബാർഡ് III പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ നാവായിക്കുളം ഗ്രാമ പഞ്ചായത്തിലെ 28-ാം മൈൽ മാവിൻമൂട് റോഡിന്റെ പണി പൂർത്തിയാക്കിയിരുന്നതിനാൽ ബിൽ തുക

| | | |
|---|---|---|
| | | പൂർണ്ണമായും നൽകിയിട്ടുണ്ട്. കൺവീനറായി തെരഞ്ഞെടുത്തിരുന്ന ശ്രീ.എസ്.ഗോപിനാഥൻ, പൊയ്കയിൽ വീട്, പറകുന്ന് പി.ഒ., നാവായിക്കുളം എന്നയാൾ 11.01.99 - ൽ 13/98-99-ാം നമ്പരായി കരാർ വച്ച് പ്രസ്തുത പണി ചെയ്തിരുന്നത്. 5-ാമത്തെ ബില്ലും പ്രവൃത്തിയുടെ ബിൽ തുകയും ചേർത്ത് 14,94,735/- രൂപ പ്രസ്തുത പ്രവൃത്തിക്ക് നൽകിയിട്ടുണ്ട്.<br>15,00,000/- രൂപ എസ്റ്റിമേറ്റ് ഉള്ള ഈ പ്രവൃത്തിക്ക് 1,50,000/- രൂപ പ്ലാൻ ഫണ്ടും 13.5 ലക്ഷം രൂപ നബാർഡ് വിഹിതവുമായിരുന്നു. ബിൽ തുക ജനറൽ പി.ഡി.യിൽ നിന്ന് നൽകിയിട്ട് നബാർഡ് റീഇമ്പേഴ്സ്മെന്റ് വാങ്ങുകയായിരുന്നു. നബാർഡ് വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. 17590/IR4/WDS/99/CRD നമ്പർ കത്ത് പ്രകാരം നബാർഡ് വിഹിതമായ 7,25,037/- രൂപ 21.01.2003 ലെ 7035/RPI/0-/CRD നമ്പർ കത്ത് പ്രകാരം 4,25,000/- രൂപയും ലഭിച്ചിട്ടുണ്ട്. |
| 3:5:5 | **തുടർ നിരീക്ഷണവും വിലയിരുത്തലും**<br>നബാർഡും സർക്കാരും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവൃത്തികളുടെ നടത്തിപ്പിലെ ഗുണമേന്മയും പുരോഗതിയും പദ്ധതി നടത്തിപ്പിന്റെ അധികാരിയും നബാർഡും നിരീക്ഷിക്കണം. ഇതിനായി പദ്ധതി സ്ഥലങ്ങൾ മുറയ്ക്ക് സന്ദർശിക്കണം. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ജില്ലാതല ഉദ്യോഗസ്ഥരും യഥാക്രമം 10-ഉം 20-ഉം ശതമാനം പ്രവൃത്തികൾ പരിശോധിക്കണം. എന്നാൽ നിഷ്കർഷിച്ച പ്രകാരം സെക്രട്ടറിയോ ജില്ലാതല ഉദ്യോഗസ്ഥരോ പരിശോധന നടത്തിയതായി രേഖകളൊന്നുമില്ല. തുടർനിരീക്ഷണത്തിന്റെ അഭാവത്തിൽ 3.5.2.2-ാം ഖണ്ഡികയിൽ പറയും പ്രകാരം ഏറ്റെടുത്തവയിൽ 40 ശതമാനം പദ്ധതികളും പൂർത്തീകരിക്കാനായില്ല. നിശ്ചിതസമയത്ത് പ്രവൃത്തികൾ പൂർത്തിയാക്കാതിരുന്നതിനാൽ 3.5.2.3 -ാം ഖണ്ഡികയിൽ വിശദമാക്കിയതുപോലെ 88.60 കോടി രൂപ നബാർഡിൽനിന്നും ലഭിച്ചില്ല. | ഖണ്ഡികയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ഭാവിയിൽ കർശനമായി പാലിക്കുന്നതിന് കമ്മീഷണർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പ്രോജക്ട് ഡയറക്ടർ നോഡൽ ഓഫീസറായി പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണർ പ്രത്യേക അവലോകനയോഗവും സംഘടിപ്പിച്ച് വരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പദ്ധതിയുടെ നിർവ്വഹണത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. |
| 3:5:6 | **നിഗമനം**<br>1997-2006 കാലയളവിൽ ബ്ലോക്കു പഞ്ചായത്തുകൾ ഏറ്റെടുത്ത നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാനസൗകര്യവികസന പദ്ധതികളിൽ 60 ശതമാനത്തോളം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ. പദ്ധതികളിൽ നബാർഡ് നൽകിയ തുകയിൽ നിന്നും ഒരു ഭാഗം സംസ്ഥാന സർക്കാർ പിടിച്ചുവച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവയുടെ തനതു ഫണ്ടിൽ നിന്ന് പരിധി വിട്ട് തുക ചെലവാക്കേണ്ടിവന്നു. ചില ബ്ലോക്ക് പഞ്ചായത്തുകൾ അവയ്ക്കു കിട്ടിയ തുകയുടെയും അതിൽനിന്നുള്ള ചെലവുകളുടെയും കണക്കുകൾ സൂക്ഷിച്ചില്ല. പ്രവൃത്തികളുടെ തുടർ നിരീക്ഷണവും നിർദ്ദിഷ്ട രീതിയിൽ നടന്നില്ല. തത്ഫലമായി പ്രവൃത്തികൾ പൂർത്തിയാക്കാതിരിക്കാനും നബാർഡിൽ നിന്നും പണം ലഭിക്കാതിരിക്കാനും ഇടയായി. | പദ്ധതി നിർവ്വഹണത്തിന് കമ്മീഷണറേറ്റിൽനിന്ന് കാര്യമായി ഇടപെടുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 3.5.7 | **ശുപാർശകൾ**<br>നബാർഡിൽ നിന്ന് സംസ്ഥാന സർക്കാരിനു ലഭിക്കുന്ന പദ്ധതിത്തുക ഗ്രാമീണ വികസന ഡയറക്ടർക്കും അവിടെ നിന്ന് ബ്ലോക്ക് പഞ്ചായത്തിനും കൃത്യസമയത്ത് കൈമാറണം.<br>ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി ഫണ്ട് (പദ്ധതിയുടെ പഞ്ചായത്ത് വിഹിതമൊഴികെ) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടുകളുടെ നിർവ്വഹണത്തിന് ഉപയോഗിക്കരുത്.<br>പദ്ധതിയുടെ തുക സൂക്ഷിക്കുന്നതിനും കണക്കുകൾ വയ്ക്കുന്നതിനും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.<br>പദ്ധതി നടത്തിപ്പിന്റെ എല്ലാ തലത്തിലും തുടർനിരീക്ഷണവും വിലയിരുത്തലും ശക്തിപ്പെടുത്തണം. | 1. പദ്ധതിത്തുക സർക്കാരിൽനിന്ന് ലഭ്യമാകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് എഴുതിയിട്ടുണ്ട്<br>2. വാർഷിക പദ്ധതിത്തുകയിൽ നിന്ന് ചിലവഴിക്കേണ്ട വരുമ്പോൾ ആയത് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മെയിൻ വിഹിതത്തിന് മാത്രം തുക നീക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്<br>3. കണക്കുകൾ സൂക്ഷിക്കുന്നതിന് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്<br>4. പദ്ധതി നടത്തിപ്പ് തദ്ദേശസ്വയം ഭരണ സ്ഥാപനം വഴി ആയതിനാൽ മേലാധിപത്യ സമിതികളുടെ പരിശോധനയും കൂടി ഉള്ളതിനാൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.